## പതിനൊന്നാം കേരള നിയമസഭ
### ആറാം സമ്മേളനം
### 2003 ജൂലായ് 2-ാം തീയതി ബുധനാഴ്ച

വാങ്മൂലം മറുപടി നൽകേണ്ട ചോദ്യങ്ങൾ
(ആകെ ചോദ്യങ്ങൾ -25)


356)വനം ഭേദഗതി ഓർഡിനൻസിലൂടെ ഏറ്റെടുത്ത വനഭൂമി
357)ഇൻസ്പെക്ഷൻവിംഗിന്റെ ഘടനയും പ്രവർത്തനവും
358) സംസ്ഥാന ലാൻഡ് യൂസ് ബോർഡിന്റെ കർത്തവ്യങ്ങൾ
359)ആദിവാസികൾക്ക് നിക്ഷിപ്ത വനഭൂമി പതിച്ചു നൽകുന്ന നടപടി
360)മുൻസിപ്പാലിറ്റികളിലും പഞ്ചായത്തുകളിലും ക്രമാതീതമായി ടെലഫോൺ വാടക വർദ്ധിപ്പിച്ച നടപടി
361)കുട്ടനാട്ടിലെയും പാലക്കാട്ടെയും കൃഷിക്കാർക്ക് നൽകുന്ന പ്രോത്സാഹനങ്ങൾ
362)വനാന്തർഭാഗത്തുള്ള നദിയിൽ നിന്നുള്ള മണൽവാരൽ
363)നെല്ലുല്പാദനത്തെക്കുറിച്ചു പഠനം നടത്തിയ ശാസ്ത്രീയ സമിതി
364)നീര ഉത്പാദനം
365)ജൈവ കൃഷി സഹകരണ സംഘങ്ങളും ജൈവകൃഷി പ്രോത്സാഹനവും
366)കണ്ടൽ വനങ്ങളുടെ സംരക്ഷണം
367)നിരോധിക്കപ്പെട്ട കീടനാശിനികൾ
368)ക്ഷീരോല്പാദന മേഖല നേരിടുന്ന പ്രതിസന്ധി
369)കേരളം കന്നുകാലിരോഗ വിമുക്തമാക്കാൻ നടപടി
370)ചന്ദന മരങ്ങളുടെ സംരക്ഷണത്തിന് നടപടി
371)ജൈവകൃഷി വ്യാപകമാക്കാൻ നടപടി
372)അന്ത്യോദയ പദ്ധതി
373)നിലവിലുള്ള പെൻഷൻ പദ്ധതിയിൽ മാറ്റം വരുത്താനുള്ള തീരുമാനം
374)ആദിവാസികൾക്ക് വനം കയ്യേറ്റക്കാരിൽ നിന്നും സംരക്ഷണം
375)വനങ്ങളിൽ ക്ലിയർ ഫെല്ലിങ്ങും സെലക്ഷൻ ഫെല്ലിങ്ങും നിർത്തി വയ്ക്കാനുണ്ടായ കാരണം
376)നികുതി ചോർച്ച തടയുന്നതിനുള്ള മുൻകരുതലുകൾ
377)കൊപ്രയുടെ താങ്ങു വില
378)ജൈവ കൃഷി വ്യാപകമാക്കുന്നതിന് നടപടി
379)കാർഷിക മേഖല നേരിടുന്ന പ്രതിസന്ധിക്ക് പരിഹാരം കാണാൻ നടപടി
380)കാട്ടുതീയുമായി ബന്ധപ്പെട്ട കേസ്സുകൾ


### വനം ഭേദഗതി ഓർഡിനൻസിലൂടെ ഏറ്റെടുത്ത വനഭൂമി

*O356. ശ്രീ. കെ.കെ. ജയചന്ദ്രൻ :

ശ്രീ. രാജു എബ്രഹാം :

ശ്രീ. കെ.വി. കുഞ്ഞിരാമൻ :

ശ്രീമതി ഗിരിജാ സുരേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനഭൂമിയുമായി ബന്ധപ്പെട്ട കേസുകളിൽ സർക്കാർ തുടർച്ചയായി പരാജയപ്പെടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വനം ഭേദഗതി ഓർഡിനൻസിലൂടെ കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് എത്ര ഹെക്ടർ ഭൂമിയാണ് ഏറ്റെടുത്തത്; ഇതിൽ എത്ര ഹെക്ടർ ഭൂമിയാണ് കോടതിവിധിയിലൂടെ വിട്ടുകൊടുക്കേണ്ടി വന്നത് ;

(സി) ഈ കേസുകൾ നടത്തുന്ന കാര്യത്തിൽ സർക്കാർ വക്കീലന്മാരും വൻകിട വനം കൈയ്യേറ്റക്കാരും തമ്മിൽ ഒത്തുകളിക്കുന്നതായുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് പരിഹരിക്കുന്നതിന് എന്ത് നടപടി സ്വീകരിച്ചുവെന്ന് വെളിപ്പെടുത്താമോ ?

**ഉത്തരം**

**ശ്രീ. കെ. സുധാകരൻ (വനവും സ്പോർട്സും വകുപ്പുമന്ത്രി):**

(എ) ഇല്ല.

(ബി) കേരള വനം (പരിസ്ഥിതി ശാസ്ത്രപരമായി ദുർബ്ബലമായ ഭൂപ്രദേശങ്ങളുടെ നിക്ഷിപ്തമാക്കലും കാര്യകർതൃത്വം നടത്തിപ്പും) ഓർഡിനൻസുകൾ പ്രകാരം ആകെ 11037.037 ഹെക്ടർ സ്വകാര്യ വനഭൂമി ഏറ്റെടുത്തിട്ടുണ്ട്. ഇതിൽ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് 10.554.700 ഹെക്ടറും ഇപ്പോഴത്തെ സർക്കാരിന്റെ കാലത്ത് 482.337 ഹെക്ടർ വനഭൂമിയുമാണ് ഏറ്റെടുത്തിട്ടുള്ളത്. ഇതിൽ 40 ഹെക്ടർ ഭൂമി വിട്ടുകൊടുക്കാൻ കോടതി നിർദ്ദേശിച്ചിട്ടുണ്ട്. പ്രസ്തുത നിർദ്ദേശത്തിനെതിരെ റിവിഷൻ ഹർജി ഫയൽ ചെയ്യാൻ സർക്കാർ നടപടികൾ കൈക്കൊണ്ടിട്ടുണ്ട്.

(സി) ഇല്ല; ഉദിക്കുന്നില്ല.

## ഇൻസ്പെക്ഷൻവിംഗിന്റെ ഘടനയും പ്രവർത്തനവും

*357. ശ്രീമതി പി.കെ. ശ്രീമതി ടീച്ചർ :

ശ്രീ. ടി.കെ. ബാലൻ :

ശ്രീ. സാജുപോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ധനകാര്യവകുപ്പിന്റെ ഇൻസ്പെക്ഷൻ വിംഗിന്റെ ഘടനയും പ്രവർത്തനവും വ്യക്തമാക്കുമോ ;

(ബി) ധനവിനിയോഗത്തെ സംബന്ധിച്ച് എല്ലാ വകുപ്പുകളിലും ഈ ഇൻസ്പെക്ഷൻ വിംഗ് പരിശോധന നടത്താറുണ്ടോ;

(സി) പ്രസ്തുത ഇൻസ്പെക്ഷൻ വിംഗിന്റെ പ്രവർത്തനം സംസ്ഥാനത്താകെ ശക്തമാക്കാൻ നടപടി സ്വീകരിക്കുമോ ;

(ഡി) പ്രസ്തുത ഇൻസ്പെക്ഷൻ വിംഗിന്റെ പ്രവർത്തനം സമയബന്ധിതമായി റിവ്യൂ നടത്താനുള്ള സംവിധാനം ഏർപ്പെടുത്തുമോ ?

**ഉത്തരം**

**ശ്രീ. കെ. ശങ്കരനാരായണൻ ( ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി) :**

(എ) ധനകാര്യ ഇൻസ്പെക്ഷൻ (നോൺ ടെക്നിക്കൽ) വിംഗ്, ധനകാര്യ ഇൻസ്പെക്ഷൻ ടെക്നിക്കൽ വിംഗ് എല്ലാ ജില്ലകളിലും ജില്ലാ ധനകാര്യ ഇൻസ്പെക്ഷൻ സ്ക്വോഡുകൾ എന്നിവ ചേർന്നതാണ് ധനകാര്യ വകുപ്പിന്റെ ഇൻസ്പെക്ഷൻ വിംഗ്. ധനകാര്യ പ്രിൻസിപ്പൽ സെക്രട്ടറി, ധനകാര്യ എക്സ്പെൻഡിച്ചർ സെക്രട്ടറി എന്നിവരുടെ മേൽനോട്ടത്തിൽ ഒരു ജോയിന്റ് സെക്രട്ടറി, ഒരു ഡപ്യൂട്ടി സെക്രട്ടറി, ഒരു അണ്ടർ സെക്രട്ടറി എന്നിവർ ഉൾപ്പെടെ ഏഴു സെക്ഷനുകളാണ് ഇൻസ്പെക്ഷൻ (നോൺ ടെക്നിക്കൽ) വിംഗിൽ പ്രവർത്തിക്കുന്നത്.

ഇൻസ്പെക്ഷൻ ടെക്നിക്കൽ വിംഗിൽ ചീഫ് ടെക്നിക്കൽ എക്സാമിനർ സിവിൽ വിഭാഗത്തിൽ മൂന്ന് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ, മൂന്ന് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ, മൂന്ന് അസിസ്റ്റൻറ് എഞ്ചിനീയർമാർ, ഇലക്ട്രിക്കൽ വിഭാഗത്തിൽ ഒരു എക്സിക്യൂട്ടീവ് എഞ്ചിനീയർ, മെക്കാനിക്കൽ വിഭാഗത്തിൽ ഒരു അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, ടെക്നിക്കൽ അസിസ്റ്റന്റ് ഉൾപ്പെടെ 14 പേരടങ്ങിയതാണ് ടെക്നിക്കൽ വിംഗ്.

ഒരു സെക്ഷൻ ഓഫീസറുടെ നേതൃത്വത്തിലാണ് ഓരോ ജില്ലയിലും സ്ക്വാഡുകൾ പ്രവർത്തിക്കുന്നത്. ഒരു ജോയിന്റ് സെക്രട്ടറിയുടെ മേൽനോട്ടത്തിലാണ് ജില്ലാ സ്ക്വാഡുകളുടെ പ്രവർത്തനം.

സംസ്ഥാനത്തെ സർക്കാർ ഓഫീസുകൾ, സർക്കാർ അർദ്ധസർക്കാർ സ്ഥാപനങ്ങൾ, കോർപ്പറേഷനുകൾ, സംസ്ഥാന സർക്കാരിന്റെ നിയന്ത്രണത്തിലുള്ള സ്വയംഭരണ സ്ഥാപനങ്ങൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, സഹകരണ സ്ഥാപനങ്ങൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, സർക്കാർ സഹായം ലഭിക്കുന്ന മറ്റു സ്ഥാപനങ്ങൾ തുടങ്ങിയവയിൽ മിന്നൽ പരിശോധന നടത്തി ധനകാര്യ സംബന്ധമായ ക്രമക്കേടുകളും ഉദ്യോഗസ്ഥരുടെ വീഴ്ചകളും

കണ്ടുപിടിച്ച് സർക്കാരിന് റിപ്പോർട്ട് നൽകുകയാണ് ഇൻസ്പെക്ഷൻ വിംഗിന്റെ പ്രധാന പ്രവർത്തനം. ധനപരമായ ക്രമക്കേടുകളെപ്പറ്റിയും സർക്കാരിന് നഷ്ടമുണ്ടാകുന്ന കാര്യങ്ങളെപ്പറ്റിയും ലഭിക്കുന്ന പരാതികളിൻ മേലും ഈ വിംഗ് അന്വേഷണം നടത്തി കുറ്റക്കാരെ കണ്ടെത്തുന്നു.

സംസ്ഥാന സർക്കാരിന് കീഴിൽ വരുന്ന നിർമ്മാണ പ്രവർത്തനങ്ങളും (റോഡ്, കെട്ടിടം, പാലം തുടങ്ങിയവയുടെ നിർമ്മാണം) മറ്റു സാങ്കേതിക സ്വഭാവമുള്ള നിർമ്മാണ പ്രവർത്തനങ്ങലും മിന്നൽ പരിശോധന നടത്തി ക്രമക്കേടുകൾ കണ്ടുപിടിക്കുകയാണ് ഇൻസ്പെക്ഷൻ ടെക്നിക്കൽ വിംഗിന്റെ പ്രവർത്തനം.

(ബി) ഉണ്ട്.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കൂടുതൽ സെക്ഷനുകൾ രൂപീകരിച്ച് ധനകാര്യ ഇൻസ്പെക്ഷൻ വിംഗിനെ ശക്തിപ്പെടുത്തിയിട്ടുണ്ട്. ഇൻസ്പെക്ഷൻ വിംഗിന്റെ പ്രവർത്തനം കൂടുതൽ ശക്തിപ്പെടുത്താനുള്ള നടപടികൾ സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

(ഡി) റിവ്യൂ നടത്താനുള്ള സംവിധാനം ഇപ്പോൾ നിലവിലുണ്ട്. ധനകാര്യ ഇൻസ്പെക്ഷൻ വിംഗ് പരിശോധന നടത്തി ഭരണവകുപ്പുകൾക്ക് നൽകുന്ന റിപ്പോർട്ടിൻമേൽ സമയബന്ധിതമായി നടപടി എടുക്കുന്നതിന് എല്ലാ സെക്രട്ടറിമാർക്കും ചീഫ് സെക്രട്ടറി നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതു സംബന്ധിച്ച് തുടർനടപടികളിൻമേലും റിവ്യൂ നടന്നുവരുന്നു..

## <u>സംസ്ഥാന ലാൻഡ് യൂസ് ബോർഡിന്റെ കർത്തവ്യങ്ങൾ</u>

*358. ശ്രീ. വർക്കല കഹാർ :
ശ്രീ. എ.പി. അനിൽകുമാർ :
ശ്രീ. ടി.എച്ച് മുസ്തഫ :
ശ്രീ. ജോർജ് ജെ. മാത്യു :
ശ്രീ. എ. സുജനപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ലാൻഡ് യൂസ് ബോർഡിന്റെ കർത്തവ്യങ്ങൾ എന്തെല്ലാം ;

(ബി) പ്രസ്തുത ബോർഡ് കർഷകർക്കുവേണ്ടി എന്തെല്ലാം സേവനങ്ങൾ ചെയ്തുവരുന്നു;

(സി) ഈ ബോർഡ് പുന:സംഘടിപ്പിച്ച് അതിന്റെ പ്രവർത്തനം മെച്ചപ്പെടുത്തണമെന്ന് സ്വാമിനാഥൻ കമ്മിഷൻ ശുപാർശ ചെയ്തിട്ടുണ്ടോ ;

(ഡി) പ്രസ്തുത ബോർഡിനെ എന്തെല്ലാം പ്രവർത്തനങ്ങൾ നടത്തത്തക്കവിധത്തിൽ പുനസംഘടിപ്പിക്കണമെന്നാണ് കമ്മിഷൻ ശുപാർശ ചെയ്തിട്ടുള്ളത് ;

(ഇ) അതിനുവേണ്ടി എന്തെല്ലാം നടപടി സ്വീകരിച്ചു എന്ന് വിശദമാക്കുമോ ?

**<u>ഉത്തരം</u>**

**ശ്രീ. എ.കെ. ആന്റണി (മുഖ്യമന്ത്രി) :**

(എ) സംസ്ഥാന ലാന്റ് യൂസ് ബോർഡിന്റെ കർത്തവ്യങ്ങൾ താഴെപ്പറയുന്നവയാണ്.

1. ഭൂവിഭവങ്ങളെയും ഭൂവിനിയോഗത്തെയും സംബന്ധിച്ച വിവരങ്ങൾ ശേഖരിക്കുകയും വിശകലനം നടത്തുകയും ചെയ്യുക.
2. ഭൂവിഭവങ്ങളുടെ നിലവിലുള്ള ഉപഭോഗം സംബന്ധിച്ച് സർവ്വേകൾ നടത്തുക.
3. ഭൂവിനിയോഗവും ബന്ധപ്പെട്ട കാര്യങ്ങളും പഠനവിധേയമാക്കുന്നതിന് പ്രാരംഭ നടപടികൾ സ്വീകരിക്കുക.
4. ഭൂവിനിയോഗം സംബന്ധിച്ച നയരൂപീകരണത്തിൽ സർക്കാരിന് ശുപാർശകൾ നൽകുക.
5. ഭൂവിനിയോഗം സംബന്ധിച്ച് സർക്കാർ ഏൽപ്പിക്കുന്ന പരിപാടികൾ നടപ്പാക്കുക.

(ബി) കർഷകർക്കായി ഭൂവിനിയോഗ ബോർഡ് താഴെപ്പറയുന്ന പരിപാടികൾ നടപ്പിലാക്കി വരുന്നു.

1. പഞ്ചായത്തുതല കാർഷിക ആസൂത്രണത്തിനായി വിഭവ ഭൂപടം നിർമ്മിച്ച് പഞ്ചായത്തുകൾക്ക് നൽകുന്നു.
2. കാർഷിക മേഖലയിലെ വിഭവങ്ങളുടെ പരമാവധി ഉപയോഗം ലക്ഷ്യമാക്കി ജില്ലയെ വിവിധ കാർഷിക-പാരിസ്ഥിതിക മേഖലകളാക്കി തിരിച്ച് റിപ്പോർട്ടുകൾ തയ്യാറാക്കുന്നു. ഈ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ ഫാം മോഡലുകൾ തയ്യാറാക്കി നടപ്പിലാക്കാൻ നടപടികൾ ആരംഭിച്ചിട്ടുണ്ട്.
3. പഞ്ചായത്ത് തലത്തിൽ കൃഷിവകുപ്പുമായി സഹകരിച്ച് ഫാം ക്ളബുകൾ രൂപീകരിക്കുന്നു.
4. നീർത്തടാധിഷ്ഠിത വികസനത്തിന് ഉപയോഗപ്പെടുത്തേണ്ട നീർത്തടത്തിന്റെ ഭൂപടം തയ്യാറിക്കിയിട്ടുണ്ട്.
5. കാർഷിക മേഖലയുടെ വികസനത്തിന് പ്രയോജനപ്പെടുത്താവുന്ന പഠനങ്ങൾ നടത്തുന്നു.
6. ഓരോ കാർഷിക വിളകളുടേയും പരിപാലനം സംബന്ധിച്ച് ശില്പശാലകൾ നടത്തുന്നു.

(സി) ശുപാർശ ചെയ്തിട്ടുണ്ട്.

(ഡി) ബോർഡിന്റെ പുന:സംഘടന സംബന്ധിച്ച് സ്വാമിനാഥൻ കമ്മീഷൻ നൽകിയ പ്രധാന ശുപാർശകൾ താഴെപ്പറയുന്നവയാണ്.

1. വാർഷിക വിളകൾക്കും, ഔഷധ സസ്യങ്ങൾക്കും വർഷകാലത്ത് നടത്താവുന്ന ഭൂവിനിയോഗത്തെക്കുറിച്ച് നടീൽ കാലത്തിനു മുൻപ് കർഷകർക്ക് ഉപദേശം നൽകുന്നതിന് ഉതകുന്ന വിധത്തിൽ ബോർഡ് പുന:സംഘടിപ്പിക്കേണ്ടതാണ്. ഇതിലേക്കായി ഫലപ്രദമായ മണ്ണു-ജലസംരക്ഷണം കണക്കിലെടുത്തുള്ള സംയോജിത കൃഷിരീതികൾ, കാലാവസ്ഥ പ്രവചനങ്ങൾ, വിപണി സാദ്ധ്യതകൾ, തൊഴിലും വരുമാനവും വർദ്ധിപ്പിക്കുക എന്നിവ അടിസ്ഥാനമാക്കേണ്ടതാണ്.
2. ദീർഘകാല വിളകളുടെ ഭൂവിനിയോഗത്തിൽ മാറ്റം വരുത്തുന്നതിനുള്ള സാദ്ധ്യത വളരെക്കുറവായതിനാൽ ദീർഘകാല വിളകളുടെ പ്രത്യേകിച്ച് ഇടവിളകളുടെ കാര്യത്തിൽ ഭൂവിനിയോഗത്തിന് ഒരു പൊതു ഉപദേശം നൽകുവാൻ മാത്രമേ പുന:സംഘടിപ്പിക്കുന്ന ഭൂവിനിയോഗ ബോർഡിൽ നിന്ന് വിഭാവന ചെയ്തിട്ടുള്ളു.
3. വിവിധ കാർഷിക സാങ്കേതിക വിദ്യകൾ, വിപണി സാദ്ധ്യത, മെറ്റീരിയോളജിക്കൽ ഡിപ്പാർട്ടുമെന്റിൽ നിന്നും ലഭിക്കുന്ന കാലാവസ്ഥാ വിവരങ്ങൾ മുതലായവ കണക്കിലെടുത്ത് ജിയോഗ്രഫിക്കൽ ഇൻഫർമേഷൻ സിസ്റ്റം ഭൂപടങ്ങളുടെ അടിസ്ഥാനത്തിൽ ഭൂവിനിയോഗത്തെക്കുറിച്ച് ഉപദേശം നൽകുന്നതിന് പുന:സംഘടിപ്പിച്ച് ലാൻഡ് യൂസ് ബോർഡിനെ സജ്ജമാക്കേണ്ടതാണ്.
4. മഴയുടെ ഏറ്റക്കുറച്ചിലിനും ജലലഭ്യതയ്ക്കും അനുയോജ്യമായ അടിയന്തിര കാർഷിക വിള രീതികൾ തയ്യാറാക്കേണ്ടത് പുന:സംഘടിപ്പിച്ച് ബോർഡിന്റെ ചുമതലയാണ്.
5. സ്വാമിനാഥൻ കമ്മീഷൻ റിപ്പോർട്ട് കല്പിത സർവ്വകലാശാല സ്ഥാപിക്കുവാൻ ശുപാർശ ചെയ്യുകയുണ്ടായി. ഈ കല്പിത സർവ്വകലാശാലയും ലാൻഡ് യൂസ് ബോർഡും ബന്ധപ്പെടുത്താനും ശുപാർശ ചെയ്തിട്ടുണ്ട്.

(ഇ) ബോർഡിന്റെ പുന:സംഘടനയ്ക്കായി സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു.

1. ശ്രീ. എം.എസ്. സ്വാമിനാഥൻ അദ്ധ്യക്ഷനായുള്ള ഡബ്ള്യൂ.ടി.ഒ. കമ്മീഷൻ റിപ്പോർട്ടിലെ ശുപാർശകൾ പരിശോധിക്കുന്നതിനും സമയബന്ധിതമായി നടപ്പിലാക്കുന്നതിനും വേണ്ടി ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായി സെക്രട്ടറിതല എംപവേർഡ് കമ്മിറ്റി രൂപീകരിക്കുകയുണ്ടായി. ഈ കമ്മിറ്റി റിപ്പോർട്ടിലെ എല്ലാ ശുപാർശകളും പരിശോധിക്കുകയും ഈ കമ്മിറ്റിയുടെ ശുപാർശയുടെ

അടിസ്ഥാനത്തിൽ 21..05..2003-ൽ കൂടിയ ക്യാബിനറ്റ് കമ്മീഷൻ റിപ്പോർട്ട് അംഗീകരിക്കുകയും ചെയ്തു. ഇതിന്റെ തുടർ നടപടികൾ പുരോഗമിക്കുന്നു.

2. സംസ്ഥാന ഭൂവിനിയോഗ ബോർഡിന്റെ പുന:സംഘടനയുമായി ബന്ധപ്പെട്ട കേരള ലാൻഡ് യൂസ് ബിൽ-2002 നിയമ പരിഷ്ക്കരണ കമ്മിറ്റി തയ്യാറാക്കിയിട്ടുണ്ട്. ഈ ബില്ലിൽ ലാൻഡ് യൂസ് ബോർഡ് പുന:സംഘടിപ്പിച്ച് ലാൻഡ് യൂസ് കമ്മീഷൻ ആക്കി മാറ്റുന്നതിന് ശുപാർശ ചെയ്തിട്ടുണ്ട്.

3. കല്പിത സർവ്വകലാശാല (ഢശൃൗേമഹ ഡിശ്ലൃശെ്യേ) സ്ഥാപിക്കുന്നതിനു വേണ്ട പ്രോജക്ട് റിപ്പോർട്ട് കാർഷിക സർവ്വകലാശാലയും, ടെക്നോളജി പാർക്കിൽ പ്രവർത്തിക്കുന്ന ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫർമേഷൻ ടെക്നോളജിയും ചേർന്ന് തയ്യാറാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചു കഴിഞ്ഞു.

## ആദിവാസികൾക്ക് നിക്ഷിപ്ത വനഭൂമി പതിച്ചു നൽകുന്ന നടപടി

*359. ശ്രീ. ടി.കെ. ദേവകുമാർ :
ശ്രീ. എം.വി. ജയരാജൻ :
ശ്രീ. കെ.പി. സതീശ് ചന്ദ്രൻ :

ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആദിവാസികൾക്ക് നിക്ഷിപ്ത വനഭൂമി പതിച്ചു നൽകുന്നതു സംബന്ധിച്ച് പഠിക്കാൻ കേന്ദ്രസംഘം കേരളത്തിൽ വന്നിട്ടുണ്ടോ;

(ബി) കേന്ദ്രസംഘത്തിനു മുൻപിൽ ഇക്കാര്യത്തിൽ സർക്കാർ എന്തെങ്കിലും നിർദ്ദേശം സമർപ്പിച്ചിട്ടുണ്ടെങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(സി) ഇതു സംബന്ധിച്ച് കേന്ദ്രസംഘം സർക്കാരിന് റിപ്പോർട്ട് നൽകിയിട്ടുണ്ടോ; എങ്കിൽ, വിശദാംശം വ്യക്തമാക്കുമോ ;

(ഡി) ആദിവാസികൾക്ക് പതിച്ചുനൽകാനായി എത്ര ഭൂമി വേണ്ടിവരും എന്ന് കണക്കാക്കിയിട്ടുണ്ടോ ;

(ഇ) ആദിവാസികൾക്കുവേണ്ടി ഏറ്റെടുക്കുന്ന വനഭൂമിക്കു പകരമായി അത്രയും ഭൂമിയിൽ വനവത്ക്കരണം നടത്തണമെന്ന നിർദ്ദേശം കേന്ദ്രസംഘം മുന്നോട്ടു വച്ചിട്ടുണ്ടോ ;

(എഫ്) അത്രയും ഭൂമി എപ്രകാരം കണ്ടെത്തുമെന്ന് വിശദമാക്കാമോ ;

(ജി) സ്വകാര്യവ്യക്തികൾ കൈവശം വച്ചിരിക്കുന്ന സർക്കാർ ഭൂമി ഏറ്റെടുത്ത് വനവത്ക്കരണം നടത്താൻ സർക്കാർ നടപടി സ്വീകരിക്കുമോ ;

(എച്ച്) അത്തരത്തിൽ ഭൂമി ഏറ്റെടുക്കുന്നതിന് നിലവിൽ നിയമം അനുവദിക്കുന്നുണ്ടോ ; അല്ലെങ്കിൽ ഇക്കാര്യത്തിനായി നിയമനിർമ്മാണം നടത്തുമോ ;

(ഐ) നിബിഡവനങ്ങളല്ലാത്ത പ്രദേശത്ത് കുടിലുകെട്ടി താമസിക്കുന്ന ആദിവാസികളെ അവിടെ തന്നെ തമസിക്കുവാൻ അനുവാദം നൽകുമോ ;

(ജെ) ഭൂമി നൽകുന്നതു സംബന്ധിച്ച് ആദിവാസി സംഘടനകളുമായി സർക്കാർ നടത്തിയ ചർച്ചയിൽ എന്തെങ്കിലും തീരുമാനമായിട്ടുണ്ടോ; പ്രസ്തുത ചർച്ചയുടെ വിശദാംശം വ്യക്തമാക്കുമോ ?

**ഉത്തരം**

**ശ്രീ. കെ. സുധാകരൻ (വനവും സ്പോർട്സും വകുപ്പുമന്ത്രി)** :

(എ) ഉണ്ട്.

(ബി) വനഭൂമി അടിയന്തിരമായി ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടു .

(സി) റിപ്പോർട്ട് നൽകിയിട്ടില്ല.

(ഡി) ഉണ്ട്.

(ഇ) ഉണ്ട്.

(എഫ്) പരിസ്ഥിതി ശാസ്ത്രപരമായി ദുർബല ഭൂപ്രദേശമായി സർക്കാരിൽ നിക്ഷിപ്തമായിരിക്കുന്ന ഭൂമിയിലും ശേഷിക്കുന്ന വനഭൂമിയുടെ ഇരട്ടി വിസ്തീർണ്ണമുള്ള പ്രക്ഷീണ വനപ്രദേശത്തും പകരം വനവത്ക്കരണം നടത്തണമെന്നാണ് കേന്ദ്രസർക്കാരിന്റെ നിർദ്ദേശം. ഇക്കാര്യത്തിൽ സംസ്ഥാന സർക്കാർ തീരുമാനമൊന്നുമെടുത്തിട്ടില്ല.

(ജി) അക്കാര്യം പരിഗണനയിലില്ല.

(എച്ച്) പാട്ടക്കരാറിലെ വ്യവസ്ഥകൾ അനുസരിച്ചു മാത്രമേ ഭൂമി തിരിച്ചെടുക്കുവാൻ കഴിയൂ. പ്രത്യേക നിയമനിർമ്മാണം സർക്കാരിന്റെ പരിഗണനയിലില്ല.

(ഐ) ഇല്ല. വനപ്രദേശത്ത് ഇതനുവദിക്കുന്നത് നിലവിലുള്ള കേന്ദ്രനിയമങ്ങൾക്ക് വിരുദ്ധമാണ്.

(ജെ) തീരുമാനമായിട്ടില്ല.

**<u>മുൻസിപ്പാലിറ്റികളിലും പഞ്ചായത്തുകളിലും ക്രമാതീതമായി ടെലഫോൺ വാടക വർദ്ധിപ്പിച്ച നടപടി</u>**

*360 ശ്രീ. എ.സി. ഷൺമുഖദാസ് :

ശ്രീ. സി. കെ. നാണു :

ഡോ. എ. നീലതോഹിതദാസൻ നാടാർ :

ശ്രീ. കെ.പി. മോഹനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ചില മുൻസിപ്പാലിറ്റികളിലും പഞ്ചായത്തുകളിലും ക്രമാതീതമായി ടെലിഫോണിന്റെ വാടക വർദ്ധിപ്പിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അശാസ്ത്രീയ നടപടികളുടെ ഫലമായ ഈ വർദ്ധന പിൻവലിക്കാൻ കേന്ദ്ര വാർത്താ വിനിമയ വകുപ്പുമായി ബന്ധപ്പെട്ട് ഉചിതമായ നടപടികൾ സ്വീകരിക്കുമോ ;

(സി) ഇത്തരം ചാർജ്ജ് വർദ്ധിപ്പിച്ച പ്രദേശങ്ങലിൽ മാസം തോറും എത്ര തുകയ്ക്കുള്ള അധികവരുമാനമുണ്ടാകുമെന്ന് വ്യക്തമാക്കാമോ?

**<u>ഉത്തരം</u>**

**ശ്രീ. കെ. സുധാകരൻ (വനവും സ്പോർട്സും വകുപ്പുമന്ത്രി) :**

(എ) വാടകയിൽ വർദ്ധനവ് ഉണ്ടായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) കേന്ദ്ര വാർത്താവിനിമയ മന്ത്രാലയത്തിനോടും ബി.എസ്.എന്.എല്ലിനോടും സംസ്ഥാന ഗവൺമെന്റിന്റെ പ്രതിഷേധം അറിയിക്കുകയും ചാർജ്ജു കുറയ്ക്കാൻ ആവശ്യമായ നടപടികളെടുക്കണമെന്ന് അഭ്യർത്ഥിക്കുകയും ചെയ്തിട്ടുണ്ട്.

(സി) ചാർജ്ജു വ്യതിയാനം മൂലമുണ്ടാകാവുന്ന ലാഭനഷ്ടക്കണക്കുകൾ ഇതുവരെയും തിട്ടപ്പെടുത്തിയിട്ടില്ലെന്ന് ബി.എസ്.എൻ.എൽ. അറിയിച്ചിട്ടുണ്ട്.

**<u>കുട്ടനാട്ടിലെയും പാലക്കാട്ടെയും കൃഷിക്കാർക്ക് നൽകുന്ന പ്രോത്സാഹനങ്ങൾ</u>**

*361. ശ്രീ. ഇ.എം. അഗസ്തി :

ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ :

ശ്രീ. എൻ.ഡി. അപ്പച്ചൻ :

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ:

ശ്രീമതി രാധാ രാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാട്ടിലെ നെൽകൃഷിക്കാർക്കും കുട്ടനാട്ടിലെ കോൾനിലം കൃഷിക്കാർക്കും ഗവണന്മെന്റ് എന്തെല്ലാം പ്രോത്സാഹനങ്ങൾ ചെയ്യുന്നുണ്ട്;

(ബി) പാലക്കാട്ടെ നെൽകൃഷിക്കാർക്ക് ഇതിനു തല്യമായി എന്തു പ്രോത്സാഹനം കോടുക്കുന്നു ;

(സി) കുട്ടനാട്ടിൽ പമ്പിംഗ് സബ്സിഡി നൽകുന്നതുപോലെ പാലക്കാട്ട് ഇറിഗേഷൻ സബ്സിഡി നൽകുന്ന കാര്യം പരിഗണിക്കുമോ ?

**<u>ഉത്തരം</u>**

**ശ്രീമതി കെ.ആർ ഗൗരിയമ്മ (കൃഷിയും കയറും വകുപ്പുമന്ത്രി) :**

(എ) കുട്ടനാട്ടിലെ നെൽകൃഷിക്കാർക്ക് കേന്ദ്ര സംസ്ഥാനാവിഷ്കൃതമായ വിവിധ പദ്ധതികളിലായി താഴെ പറയുന്ന പദ്ധതികൾ വഴി ആനുകൂല്യങ്ങൾ നൽകുന്നു.

1. ഗ്രൂപ്പ് ഫാമിംഗ് പദ്ധതിപ്രകാരം ഹെക്ടറിന് 1000 രൂപ സബ്സിഡി നൽകുന്നു.
2. നെൽവികസന ഏജൻസികൾ വഴി നെൽപ്പാടങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനായി ധനസഹായം നൽകുന്നു.
3. നല്ലയിനം വിത്തുൽോപ്പാദിപ്പിച്ച് കൃഷിക്കാർക്ക് വിതരണം നടത്തുന്നതിനായി വിത്ത് വികസന അതോറിറ്റിവഴി ആനുകൂല്യം നൽകുന്നു.
4. സംയോജിത വളപ്രയോഗ പദ്ധതിപ്രകാരം നെൽകൃഷിക്കാർക്ക് പച്ചിലവിളവിത്തും ജീവാണുവളങ്ങൾ ഇവ വിതരണം ചെയ്യുന്നു.
5. സംയോജിത കീടനിയന്ത്രണം- പദ്ധതിയിൽ ഉൾപ്പെടുത്തി കീടനിയന്ത്രണത്തിനായി നെൽകൃഷിക്കാർക്ക് ആനുകൂല്യവും പരിശീലനവും നൽകി വരുന്നു.
6. പ്രദർശനതോട്ടം പദ്ധതിപ്രകാരം പ്രാദേശികാടിസ്ഥാനത്തിൽ മാതൃകാ പാടങ്ങൾക്ക് പ്രത്യേക ആനുകൂല്യങ്ങൾ നൽകുന്നു.
7. പാടശേഖരങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനായി ആനുകൂല്യങ്ങൾ നൽകുന്നു.
8. ഉൽപ്പാദന ബോണസ്സായി ഹെക്ടറിന് 350 രൂപ വീതം കർഷകർക്ക് നൽകുന്നു.
9. സൗജന്യവൈദ്യുതി - നെൽകൃഷിക്കാർക്ക് ജലസേചനത്തിനായി കൃഷിവകുപ്പിലൂടെ സൗജന്യ വൈദ്യുത പദ്ധതിയും പമ്പിംഗ് സബ്സിഡി റവന്യൂ വകുപ്പിലൂടെയും നൽകുന്നുണ്ട്.
10. ചെറുകിട നാമമാത്ര നെൽകൃഷിക്കാർക്കായി യന്ത്രവൽക്കരണ പദ്ധതിയിൽ ഉൾപ്പെടുത്തി പവ്വർ ടില്ലർ, ട്രാക്റ്റർ, പെട്ടിയും പറയും, കൊയ്ത്തുമെതിയന്ത്രം എന്നിവ നൽകിവരുന്നു.
11. ശാസ്ത്രീയ മണ്ണു പരിശോധന പദ്ധതിപ്രകാരം പാടത്തിലെ മണ്ണു പരിശോധിച്ച് ശാസ്ത്രീയമായ വളപ്രയോഗം നടത്താൻ കൃഷിക്കാരും സഹായിക്കുന്നു.
12. വിപണനം നെല്ലിന്റെ ഉൽപ്പാദനവും വിപണനവും ഏകോപിപ്പിച്ച് കർഷകർക്ക് ന്യായമായ വില ലഭ്യമാക്കാൻ നെല്ലിന് താങ്ങുവില നൽകി നെല്ല് സംഭരിക്കുന്നുണ്ട്.

(ബി) പാലക്കാട് നെൽകൃഷിക്കാർക്ക് കുട്ടനാട്ടിലെ കൃഷിക്കാർക്ക് നൽകുന്ന പമ്പിംഗ് സബ്സിഡി ഒഴികെയുള്ള എല്ലാ ആനുകൂല്യങ്ങളും നൽകിവരുന്നുണ്ട്

(സി) ഇപ്പോൾ പരിഗണനയിലില്ല.

## വനാന്തർഭാഗത്തുള്ള നദിയിൽ നിന്നുള്ള മണൽവാരൽ

*362. ശ്രീ. വി.ഡി. സതീശൻ :
ശ്രീ. വർക്കല കഹാർ :
ശ്രീ. എ.പി. അനിൽകുമാർ :
ശ്രീ. കെ. മുഹമ്മദാലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ ഗവൺമെന്റിന്റെ കാലത്ത് സംസ്ഥാനത്തെ വനാന്തർഭാഗത്തുള്ള നദികളിൽ നിന്ന് വനേതര ആവശ്യങ്ങൾക്കായി മണൽ വാരിയ സംഭവം ഉണ്ടായിട്ടുണ്ടോ;

(ബി) അപ്രകാരം മണൽ വാരുന്നതിനായുള്ള അനുമതിക്കു വേണ്ടി സമർപ്പിച്ച അപേക്ഷ അനുവദിക്കാൻ പാടില്ലെന്ന് ബന്ധപ്പെട്ട വനംവകുപ്പുദ്യോഗസ്ഥർ ശുപാർശ ചെയ്തിട്ടും അപേക്ഷ അനുവദിക്കുകയോ, അപേക്ഷ അനുവദിച്ചില്ലെങ്കിൽപ്പോലും മണൽ വാരുകയോ ചെയ്ത സംഭവം അക്കാലത്ത് ഉണ്ടായിട്ടുണ്ടോ;

(സി) അതേപ്പറ്റി ആരോപണം ഉണ്ടായിട്ടുണ്ടോ;

(ഡി) പ്രസ്തുത സംഭവം സംബന്ധിച്ച് എന്തെങ്കിലും കേസ് കൊടുത്തിരുന്നുവോ ;

(ഇ) ഈ ഗവൺമെന്റ് നിലവിൽ വന്നശേഷം ഇക്കാര്യത്തിൽ എന്തെല്ലാം നടപടികളെടുത്തുവെന്ന് പറയാമോ ?

**ഉത്തരം**

**ശ്രീ. കെ. സുധാകരൻ (വനവും സ്പോർട്സും വകുപ്പുമന്ത്രി) :**

(എ) ഉണ്ട്.

(ബി) ഗവൺമെന്റിൽ നിന്നും പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററിൽ നിന്നുമുള്ള അനുമതിയോടെയാണ് മണൽ ശേഖരിച്ചിട്ടുള്ളത്.

(സി) ഉണ്ട്..

(ഡി) ഒന്നും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഇ) ഈ വിഷയത്തിൽ വിജിലൻസ് അന്വേഷണം നടക്കുന്നുണ്ട്.

**<u>നെല്ലുല്പാദനത്തെക്കുറിച്ചു പഠനം നടത്തിയ ശാസ്ത്രീയ സമിതി</u>**

*363. ശ്രീമതി മേഴ്സി രവി :

ശ്രീ. എം.എ. ചന്ദ്രശേഖരൻ :

പ്രൊഫ. സാവിത്രി ലക്ഷ്മണൻ :

ശ്രീ. പി.ടി. തോമസ് :

ശ്രീ. എഴുകോൺ നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കുറഞ്ഞുവരുന്ന നെല്പാടങ്ങളുടെയും നെല്ലുല്പാദനത്തിന്റേയും പ്രശ്നങ്ങളെപ്പറ്റി പഠിച്ച് റിപ്പോർട്ട് ചെയ്യുവാൻ ഒരു ഉന്നത ശാസ്ത്ര സമിതിയെ നിയമിച്ചിരുന്നുവോ;

(ബി) ഈ സമിതിയുടെ റിപ്പോർട്ടിൽ നെല്ലുല്പ്പാദനം എത്ര എൻ.ഇ.എസ്. ബ്ളോക്കുകളിൽ കേന്ദ്രീകരിക്കുവാനാണ് നിർദ്ദേശിച്ചിരുന്നത് ;

(സി) ഈ ബ്ളോക്കുകളുടെ പേരുൾക്കൊള്ളുന്ന ലിസ്റ്റ് ലഭ്യമാക്കുമോ ;

(ഡി) പ്രസ്തുത ബ്ളോക്കുകളിലേക്ക് നെൽകൃഷി കേന്ദ്രീകരിക്കുവാൻ എന്തെല്ലാം നടപടികളെടുത്തു ?

**<u>ഉത്തരം</u>**

**ശ്രീമതി കെ.ആർ. ഗൗരിയമ്മ (കൃഷിയും കയറും വകുപ്പുമന്ത്രി) :**

(എ) നിയമിച്ചിരുന്നു.

(ബി) ടി സമിതിയുടെ റിപ്പോർട്ടിൽ 85 എൻ.ഇ.എസ്. ബ്ളോക്കുകളിൽ നെൽകൃഷി കേന്ദ്രീകരിക്കുവാനാണ് നിർദ്ദേശിച്ചിരിക്കുന്നത്.

(സി) ബ്ളോക്കുകളുടെ ലിസ്റ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു.

(ഡി) ശുപാർശകളുടെ എല്ലാ വശങ്ങളും പരിശോധിച്ചതിനുശേഷമേ നടപടി സ്വീകരിക്കാനാവൂ.

**<u>നീര ഉത്പാദനം</u>**

364. ശ്രീ. എ.എൻ. രാജൻ ബാബു

ശ്രീ ജോണി നെല്ലൂർ

ശ്രീ ഉമേഷ് ചളളിയിൽ

ശ്രീ ഷിബു ബേബി ജോൺ

ശ്രീ കെ.കെ. ഷാജു : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യുവം എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) കർഷകരുടെ പ്രക്ഷോഭത്തെ തുടർന്ന് കർണാടക സർക്കാർ □നീര□ ഉല്പാദനം എക്സൈസ് നിയമത്തിന്റെ പരിധിയിൽ നിന്ന് ഒഴിവാക്കിയത് ശ്രദ്ധയിൽപ1പെട്ടിട്ടുണ്ടൊ;

(ബി) കേരളത്തിലെ തെങ്ങുകൃഷിക്കാരുടെ ദുരിതത്തിന് ഒരു പരിഹാരം എന്ന നിലയിൽ കർണ്ണാടക സർക്കാരിന്റെ മാതൃക സ്വീകരിച്ച് □നീര□ ഉല്പാദനം എക്സൈസ് നിയമത്തിന്റെ പരിധിയിൽ നിന്നും നീക്കാൻ നിയമഭേദഗതി വരുത്തുമോ ?

ഉത്തരം

ശ്രീ. കെ. ശങ്കരനാരായണൻ(ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി)

(എ) ഉണ്ട്. എന്നാൽ വിശദവിവരം ഔദ്യോഗികമായി ലഭ്യമായിട്ടില്ല.

(ബി) നീര ഉൽപ്പാദനം എക്സൈസ് നിയമത്തിന്റെ പരിധിയിൽ നിന്നും നീക്കാൻ നിലവിൽ നിർദ്ദേശമൊന്നുമില്ല. കർണ്ണാടക സർക്കാരിന്റെ നിലപാടിനെ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാകുന്ന മുറയ്ക്ക് പരിശോധനാ വിധേയമാക്കുന്നതാണ്.

## ജൈവ കൃഷി സഹകരണ സംഘങ്ങളും ജൈവകൃഷി പ്രോത്സാഹനവും

365. ശ്രീ. പി.ടി. തോമസ്
ശ്രീ. തമ്പാനൂർ രവി
ശ്രീ. കെ. മോഹൻ കുമാർ
ശ്രീ. വി.ഡി. സതീശൻ
ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) സംസ്ഥാനത്ത് എത്ര ജൈവകൃഷി സഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത സംഘങ്ങൾക്ക് ഗവൺമെന്റ് എന്തെല്ലാം സഹായം നൽകി വരുന്നുവെന്ന് വ്യക്തമാക്കുമോ;

(സീ) ജൈവകൃഷിയിടങ്ങളിൽ കൃമികീടങ്ങളെ നശിപ്പിക്കുവാൻ കൃഷി വകുപ്പ് എന്തെല്ലാം വിധത്തിൽ സഹായിക്കുന്നുണ്ട്;

(ഡി) ജൈവകൃഷിയിലേക്ക് മാറുന്ന കർഷകർക്ക് ആദ്യകാലത്ത് വിളവെടുപ്പിനുണ്ടാകുന്ന കുറവിനെ നേരിടുന്നതിനുവേണ്ട സാമ്പത്തിക സഹായം നൽകാറുണ്ടോ;

(ഇ) ഇല്ലെങ്കിൽ അക്കാര്യം പരിഗണിക്കുവാൻ നടപടി സ്വീകരിക്കുമോ ?

**ഉത്തരം**

**ശ്രീമതി. കെ. ആർ. ഗൗരിയമ്മ (കൃഷിയും കയറും വകുപ്പുമന്ത്രി)**

(എ) സംസ്ഥാനത്ത് ഏകദേശം 14 ജൈവകൃഷി സഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നു. ഇവയുടെ പേരുവിവരം ചുവടെ ചേർക്കുന്നു.

പീരുമേട് ഡെവലപ്മെന്റ് സൊസൈറ്റി, ഹൈലാന്റ് ഓർഗാനിക് ഫാമേഴ്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി, വയനാട് സോഷ്യൽ സർവീസ് സൊസൈറ്റി, മിത്ര നികേതൻ, ഡേൽവ്യൂ, ശ്രേയസ് സോഷ്യൽ സർവീസ് സെന്റർ, റൂറൽ ഏജൻസി ഫോർ സോഷ്യൽ ആന്റ് ടെക്നോളജിക്കൽ അഡ്വാൻസ്മെന്റ് സെന്റർ ഫോർ ഒവറോൾ ഡെവലപ്മെന്റ് ആർട്ട് ഓഫ് ലിവിങ്ങ് ഓർഗനൈസേഷൻ, സോഷ്യൽ ഏജൻസി ഫോർ വിമൻ ആന്റ് റൂറൽ ഡെവലപ്മെന്റ്, സാരംഗി, അട്ടപ്പാടി സോഷ്യർൽ സർവീസ് ഓർഗനൈസേഷൻ, അഹാഡ്സ് എന്നിവയാണ്.

(ബി) പ്രസ്തുത സംഘങ്ങൾക്ക് മാത്രമായി കൃഷിവകുപ്പ് സഹായങ്ങളൊന്നും നൽകുന്നില്ലെങ്കിലും കൃഷിവകുപ്പ് ജൈവകൃഷിയ്ക്കായി നടപ്പാക്കുന്ന പല പദ്ധതികളിലെയിം ആപുകൂല്യങ്ങൾ ഇടുക്കി, വയനാട്, ജില്ലകളിൽ പ്രവർത്തിക്കുന്ന സംഘങ്ങൾക്ക് നലകുന്നുണ്ട്.

കുരുമുളക് വികസനപദ്ധതിപ്രകാരം ഇടുക്കി, വയനാട് ജില്ലകളിൽ 800 ഹെക്ടർ സ്ഥലത്ത് ജൈവകൃഷിയിലൂടെ കുരുമുളക് ഉല്പാദിപ്പിക്കുവാൻ നടപ്പുസാമ്പത്തിക വർഷം ലക്ഷ്യമിട്ടുണ്ട്. ഇതിനായി ഒന്നാം വർഷം കൃഷിചെലവിന്റെ 25% പരമാവധി 2900 രൂപയും ആദ്യകാലത്ത് വിളവെടുപ്പിലുണ്ടാകുന്ന കുറവിനെ നേരിടുന്നതിന് വേണ്ടി 1000രൂപയും ധനസഹായമായി നൽകുന്നു. രണ്ടാം വർഷം കൃഷിചെലവിന്റെ 25%വും മൂന്നാം വർഷം 10% വും ധനസഹായമായി നൽകുന്നു. ഇതിനായി 42.80 ലക്ഷം രൂപ നീക്കിവച്ചിട്ടുണ്ട്.

ഇടുക്കി , വയനാട്, പാലക്കാട് എന്നീ ജില്ലകളിൽ 100 ഹെക്ടർ സ്ഥലത്ത് ജൈവകൃഷിയിലൂടെ ശീതകാല പച്ചക്കറികൾ ഉല്പാദിപ്പിക്കുന്നതിന് ഹെകടറിന് 10,000 രൂപ ധനസഹായം നൽകുന്നതിനായി മൊത്തം 10 ലക്ഷം രൂപ നീക്കിവച്ചിട്ടുണ്ട്. വയനാട് ജില്ലയിൽ ജീരകശാല, ഗന്ധകശാല എന്നീ നെല്ലിനങ്ങൾ ജൈവകൃഷിയിലൂടെ ഉല്പാദിപ്പിക്കുന്ന പദ്ധതിയും കൃഷിവകുപ്പ് നടപ്പിലാക്കി വരുന്നു. ഇതിന്റെ പരിശീലനത്തിനും വിപണനത്തിനുമായി 5.5 ലക്ഷംരൂപ നീക്കിവച്ചിട്ടുണ്ട്. പൊക്കാളി പ്രദേശത്തെ നെൽകൃഷി ജൈവകൃഷിയായി പ്രോത്സാഹിപ്പിക്കുന്നതിനും ഇതിന്റെ വിപണത്തിനുമായി 24.50 ലക്ഷം രൂപ നീക്കി വച്ചിട്ടുണ്ട്. കൃഷിവകുപ്പ് നടപ്പിലാക്കുന്ന ഈ പദ്ധതികളുടെ ആനുകൂല്യങ്ങൾ

അതാത് ജില്ലകളിൽ പ്രവർത്തിക്കുന്ന ജൈവകൃഷി സഹകരണസംഘങ്ങൾക്കും ലഭിക്കിന്നതാണ്.

(സി) ജൈവകൃഷിയിടങ്ങളിൽ കൃമികീടങ്ങളെ നശിപ്പിക്കുവാൻ കൃഷിവകുപ്പ് സംയോജിത കീടനിയന്ത്രണ പദ്ധതി നടപ്പിലാക്കിവരുന്നു. ഇതിൽ ബയോ കൺട്രോൾ ഏജന്റ് ശത്രുകീടങ്ങൾ എന്നിവ ഉപയോഗിച്ച് കീടരോഗങ്ങളെ പ്രതിരോധിക്കുന്ന രീതിയാണ് അവലംിക്കുന്നത്. കൃഷി വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന 9 പാരസൈറ്റ് ബ്രീഡിംഗ് സ്റ്റേഷനുകളും ഒരു ബയോ കൺട്രോൾ ലാബും കർഷകർക്ക് ആവശ്യമായ ശത്രുകീടങ്ങളും ബയൊകൺട്രോൾ ഏജന്റും ഉല്പാദിപ്പിച്ച് വിതരണം ചെയ്യുന്നുണ്ട. കുരുമുളകിൽ സംയോജിത കീടനിയന്ത്രണ പദ്ധതി നടപ്പിലാക്കുന്നതിനായി 5.00 ലക്ഷം രൂപയും മാറ്റിവച്ചിട്ടുണ്ട്.

(ഡി) യും (ഇ) യും. ഇടുക്കി, വയനാട് ജില്ലകളിൽ കുരുമുളകു വികസന പദ്ധതിപ്രകാരം ജൈവകൃഷിരീതിയിലൂടെ കുരുമുളക് ഉല്പാദിപ്പിക്കുന്ന കർഷകർക്ക് സാമ്പത്തിക സഹായം നൽകുന്നുണ്ട്. ജൈവകൃഷിയിലൂടെ കുരുമുളക് ഉല്പാദിപ്പിക്കുന്ന കർഷകർക്ക് വിളവെടുപ്പിലുണ്ടാകുന്ന നഷ്ടം പരിഹരിക്കുന്നതിനായി ഒന്നാം വർഷം ഹെക്ടറിന് 1000 രൂപ വീതം ധനസഹായമായി കൃഷിവകുപ്പ് നൽകുന്നുണ്ട്.

## <u>കണ്ടൽ വനങ്ങളുടെ സംരക്ഷണം</u>

366. ശ്രീ. എം.കെ. പോൾസൺ മാസ്റ്റർ
ശ്രീ.പി.ജെ. ജോയി
ശ്രീ. ടി.എൻ. പ്രതാപൻ
ശ്രീ. ഡൊമിനിക് ഇപസന്റേഷൻ
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) ലോക പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് സംസ്ഥാനം കണ്ടൽ സംരക്ഷണ ദിനം ആചരിക്കുകയുണ്ടായോ;

(ബി) സംസ്ഥാനത്ത് എവെിടയെല്ലാം കണ്ടൽ വനങ്ങളുണ്ട്; നദീതീരങ്ങളിലും കായലോരങ്ങളിലും കടൽത്തീരത്തും കണ്ടൽ വനങ്ങൾ നട്ടുവളർത്തി അവ സംരക്ഷിക്കുവാൻ ഗവൺമെന്റിന് പരിപാടിയുണ്ടോ;

(സി) കണ്ടൽ വനങ്ങൾ നട്ടുവളരത്താനാഗ്രഹിക്കുന്നവർക്ക് വൃക്ഷങ്ങളുടെ മുളപ്പിച്ച ശീഖരങ്ങൾ വിതരണം ചെയ്യുവാൻ നടപടി കൈക്കൊള്ളുമോ ?

**<u>ഉത്തരം</u>**

**ശ്രീ.കെ. സുധാകരൻ (വനവും സ്പോർട്സും വകുപ്പ്മന്ത്രി)**

(എ) ലോക പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് സംസ്ഥാന ഫിഷറീസ് വകുപ്പ് ലോക പരസ്ഥിതി ദിനം കണ്ടൽ ദിനമായി ആചരിക്കുകയുണ്ടായി.

(ബി) തിരുവനന്തപുരം കൊല്ലം ആലപ്പുഴ, കോട്ടയം എറണാകുളം,തൃശൗർ, മലപ്പുറം കോഴിക്കോട് കണ്ൂർ കാസർഗോഡ് എന്നീ ജില്ലകളിൽ കണ്ടൽ കാടുകൾ ഉണ്ട്. കണ്ടൽവനണങ്ങൾ നട്ടുവളർത്തി അവ സംരക്ഷിക്കുവാൻ വനം വകുപ്പു പരിപാടി ആവിഷ്ക്കരിച്ച് നടപ്പാക്കുന്നുണ്ട്.

(സി) കണ്ടൽ കാടുകൾ നട്ടുവളർത്തുന്നതിന് വേണ്ട സാമ്പത്തിക സഹായത്തിനായുള്ള പദ്ധതി കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. പദ്ധതി അനുവദിക്കുന്ന മുറയ്ക്ക് മാത്രമേ തൈകൾ ഉൽപ്പാദിപ്പിച്ച് വിതരണം ചെയ്യുന്നതിനുള്ള നടപടി കൈക്കൊള്ളുവാൻ കഴിയുകയുള്ളു.

## <u>നിരോധിക്കപ്പെട്ട കീടനാശിനികൾ</u>

367. ശ്രീ. കോവൂർ കുഞ്ഞുമോൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) സംസ്ഥാനത്ത് നിരോധിച്ചിട്ടുള്ള കീടനാശിനികൾ ഏതൊക്കെയാണെന്ന് വിശദമാക്കുമോ;

(ബി) മനുഷ്യനും മൃഗങ്ങൾക്കും ദോഷകരമാണെന്ന് തെളിഞ്ഞ എൻഡോസൾഫാൻ ഇപ്പോൾ സർക്കാർ നിയന്ത്രണത്തിലുള്ള തോട്ടങ്ങളിൽ ഉപയോഗിക്കുന്നുണംടൊ എന്ന് വെളിപ്പെടുത്തുമോ;

(സി) എൻഡോസൾഫാൻ ഉപയോഗിക്കുന്നത് തടയാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടൊ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ഡി) എൻഡോസൾഫാൻ ഉപയോഗിക്കുന്നതുകാരണം ഉണ്ടായിട്ടുള്ള ദോഷങ്ങളെക്കുറിച്ച് പഠനം നടത്തിയിട്ടുണ്ടൊ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ഇ) നിരോധിക്കപ്പെട്ട കീടനാശിനികളും രാസപദാർത്ഥങ്ങളും കാർഷിക മേഖലയിൽ ഉപയോഗിക്കുന്നതു തടയുൻ എന്തൊക്കെ നടപടി സ്വീകരിച്ചിട്ടുണ്ട് എന്ന് വ്യക്താമക്കുമോ ?

**ഉത്തരം**

**ശ്രീമതി. കെ. ആർ. ഗൗരിയമ്മ (കൃഷിയും കയറും വകുപ്പുമന്ത്രി)**

(എ) കേന്ദ്ര സർക്കാർ 20 കീടനാശിനികളുടെയും 4 കീടനാശിനിഫോർമുലകളുടെയും ഇറക്കുമതി, നിർമ്മാണം ഉപയോഗം എന്നിവ ഇൻഡ്യയിൽ നിരോട്ധിച്ചിട്ടുണ്ട്. ഇവ കേരളത്തിലും നിരോധിക്കപ്പെട്ടവയാണ്.

(ബി) സർക്കാർ നിയന്ത്രണത്തിലുള്ള തോട്ടണങ്ങളിൽ ഇപ്പോൾ എൻഡൊസൾഫാൻ ഉപയോഴിക്കുന്നില്ല.

(സി) ബഹു. കേരള ഹൈക്കോടതിയുടെ 12.8.2002 ലെ ഉത്തരവ് പ്രകാരം എൻഡോസൾഫാനും അതിന്റെ എല്ലാവിധ ചേരുവകളും സംസ്ഥാനത്തിനുള്ളിൽ ഉപയോഗിക്കുന്നത് മറ്റൊരുത്തരവുണ്ടാകുന്നതുവരെ നിർത്തലാക്കിയിട്ടുണ്ട്.

ഇതിന്റെ അടിസ്ഥാനത്തിൽ എൻഡോസൾഫാൻ വിതരണത്തിലുള്ള ലൈസൻസ് സംസ്ഥാന കൃഷിവകുപ്പ് ഇപ്പോൾ നൽകുന്നില്ല.

(ഡി) ഉണ്ട്. സംസ്ഥാന സർക്കാർ നിയോഗിച്ച അച്ച്യുതൻ കമ്മിറ്റി, ഇൻഡ്യൻ കൗൺസിൽ ഓഫ് മെഡിക്കൽ റിസർച്ച് നിയോഗിച്ച നാഷണൽ ഇൻസ്റ്റിട്യൂട്ട് ഓഫ് ഒക്കുപേഷണൽ റിസർച്ച് സെന്റർഫോർ സയൻസ് ആന്റ് എൻവെറോൺമെന്റ്, എന്നീ ഏജൻസികൾ എൻഡൊസൾഫാന്റെ ഉപയോഗം നടന്ന പ്രദേശങ്ങളിലെ പ്രശ്നത്തെപ്പറ്റി പഠനം നടത്തിയിട്ടുണ്ട്.

(ഇ) സംസ്ഥാനത്ത് കീടനാശിനികളുടെ ഉൽപ്പാദനവും വിതരണവും നിയന്ത്രിക്കുന്ന ലൈസൻസിംഗ് അതോറിറ്റി ക,ഷി വകുപ്പിൽ ജില്ലാതലത്തിൽ പ്രവർത്തിക്കുന്ന കൃഷി ഡെപ്യൂട്ടി ഡയറക്ടർ (ട്രെയിനിംഗ്) ആണ്. പഞ്ചായത്ത് തലത്തിൽ പ്രവർത്തിക്കുന്ന കൃഷി ഭവനുകളിലെ കൃഷി ഓഫീസരമാരാണ് കേന്ദ്ര ഇൻസെക്ടിസൈഡ്സ് പ്രവർത്തികമാക്കാൻ ചുമതലപ്പെട്ട ഇൻസെക്ടിസൈഡ് ഇൻസ്പെക്ടർമാർ നിരോധിക്കപ്പെട്ട കീടനാശിനികൾക്കൊന്നും ഉൽപ്പാദന വിതരണ ലൈസൻസ് കൃഷി വകുപ്പ് നൽകുന്നില്ല. ഇവ പ്രാദേശിക ഡിപ്പോകൾ വഴി വിതരണം നടത്തുന്നില്ലെന്ന് ഇൻസെക്ടിസൈഡ്സ് ഇൻസ്പെക്ടർമാരും ആനുകാലിക പരിശോധനകളിലൂടെ ഉറപ്പുവരുത്തുന്നു.

## <u>ക്ഷീരോല്പാദന മേഖല നേരിടുന്ന പ്രതിസന്ധി</u>

368. ശ്രീ. കെ.സി. വേണുഗോപാൽ; താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) സംസ്ഥാനത്തെ ക്ഷീരോത്പാദന മേഖല ഇപ്പോൾ അഭിവൃദ്ധിയുടെ പാതയിലല്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടൊ;

(ബി) അന്യസംസ്ഥാനങ്ങളിൽ നിന്നുള്ള വിലകുറഞ്ഞ പാലിന്റെ വരവും മൾട്ടി നാഷണൽ കമ്പനികൾ ഉയർത്തുന്ന വെല്ലുവിളികളുമാണ് ഇതിനുകാരണം എന്ന കാര്യം ശ്രദ്ധിച്ചിട്ടുണ്ടൊ;

(സി) എങ്കിൽ ഇത് തടയുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ; എങ്കിൽ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത്?

**ഉത്തരം**

**ശ്രീമതി. കെ. ആർ. ഗൗരിയമ്മ (കൃഷിയും കയറും വകുപ്പുമന്ത്രി)**

(എ) ഇല്ല.

(ബി) യും (സി) യും - ചോദ്യം ഉദിക്കുന്നില്ല.

## കേരളം കന്നുകാലിരോഗ വിമുക്തമാക്കാൻ നടപടി

369. ശ്രീ. പി.കെ.കെ. ബാവ
ശ്രീ. കളത്തിൽ അബ്ദുള്ള
ശ്രീ. ടി.പി.എം സാഹിർ
ശ്രീ. ഇസ്ഹാക് കുരിക്കൾ
ശ്രീ. സി.മോയിൻകുട്ടി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) കേരളം കന്നുകാലിരോഗ വിമക്ത സംസ്ഥാനമാക്കുന്നതിനെ സംബന്ധിച്ച് ആലോചിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിനുവേണ്ടി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

**ഉത്തരം**

**ശ്രീമതി. കെ. ആർ. ഗൗരിയമ്മ (കൃഷിയും കയറും വകുപ്പുമന്ത്രി)**

(എ) ഉണ്ട്.

(ബി) കേരളത്തെ കാലിരോഗ വിമുക്ത മേഖലയാക്കുന്നതിനുവേണ്ട 50% കേന്ദ്ര സഹാത്തോടുകൂടി കുളമ്പുരോഗ നിർമ്മാർജ്ജന പദ്ധതി, ്00% കേന്ദ്ര സഹായത്തോടുകൂടി കാലിവസന്ത നിർമ്മാർജ്ജന പദ്ധതി എന്നിവ നടപ്പാക്കിവരുന്നു. കുളമ്പുരോഗ നിർമ്മാർജ്ജന പദ്ധതിയിൽ തിരുവനന്തപുരം മുതൽ എറണാകുളം വരെയുള്ള തെക്കൻ ജില്ലകളിൽ നാലുപ്രാവശ്യം സിസ്റ്റമാറ്റിക് വാക്സിൻ നടപ്പാക്കിക്കഴിഞ്ഞിട്ടുണ്ട്. എറണാകുളം മുതൽ കാസർഗോഡുവരെ കഴലഞ്ഞവർഷം മുതൽ സിസ്റ്റമാറ്റിക് വാക്സിനേഷൻ നടപ്പാക്കിവരുന്നു. ഈ കുത്തിവയ്പ് സൗജന്യമാണ്. ഇതുകൂടാതെ ദേശീയ ക്ഷീരവികസനസമിതിയുടെ സഹായത്തോടുകൂടി മുഴുവൻ ജില്ലകളെയും കാലിരോഗ വിമുക്തമാക്കുന്നതിനുള്ള ഒരു പദ്ധതി 32.36 കോടി രൂപ മതിപ്പുവരുന്ന 5 വർഷം കൊണ്ട് നടപ്പിലാക്കുന്ന ഒരു പദ്ധതി സർക്കാരിന്റെ പരിഗണനയിലാണ്.

## ചന്ദന മരങ്ങളുടെ സംരക്ഷണത്തിന് നടപടി

370 ശ്രീ. ജോർജ്.ജെ.മാത്യു
ശ്രീ വി. ബാലറാം
ശ്രീ ടി.വി. ചന്ദ്രൻ
ശ്രീ ഇ.എം അഗസ്തി
ശ്രീ കെ.എ. ചന്ദ്രൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സുംവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) സംസ്ഥാനത്ത് എവിടെയെല്ലാം ചന്ദനമരങ്ങൾ സ്ഥിതിചെയ്യുന്നുണ്ട്;

(ബി) പ്രസ്തുത ചന്ദനമരങ്ങളുടെ സംരക്ഷണത്തിന് എന്തെല്ലാം നടപടികളെടുത്തിട്ടുണ്ട്;

(സി) സംസ്ഥാനത്തെ ചന്ദന വനങ്ങളിലുള്ള ചന്ദനമരങ്ങളുടെ എണ്ണത്തിൽ കുറവു വന്നിട്ടുണ്ടോ;

(ഡി) ഈ വനങ്ങളിൽ വിദഗ്ദ്ധ സർവേ നടത്തി മരങ്ങളുടെ സ്ഥാനം നിർണ്ണയിച്ച് ശാസ്ത്രീയമായി അവയെ പരിരക്ഷിക്കാൻ പരിപാടിയുണ്ടോ; എങ്കിൽ ഇതു സംബന്ധിച്ച് അടിയന്തിരമായി നടപടി കൈക്കൊള്ളുമോ ?

**ഉത്തരം**

**ശ്രീ.കെ. സുധാകരൻ (വനവും സ്പോർട്സും വകുപ്പ്മന്ത്രി)**

(എ) കേരളത്തിലെ വനങ്ങളിൽ കൊല്ലം സർക്കിൾ, തെന്മല ഡിവിഷനിൽ ആര്യങ്കാവ് റെയിഞ്ചിൽ കടമൺപാറ എന്ന സംഥലത്തും, കൊട്ടയം സർക്കിളിൽ മൂന്നാർ ഡിവിഷനിൽ മറയൂർ റെയിഞ്ചിലും, തൃശൂർ സർക്കിളിലെ മലയാറ്റൂർ ഡിവിഷനിലും തധശൂർ ഡിവിഷനിലെ

വടക്കാഞ്ചേരി റെയിഞ്ചിലും പാലക്കാട് സർക്കിളില മണ്ണാർക്കാട് ഡിവിഷനിലും, കോഴിക്കോട് സർക്കിളിൽ കണ്ണൂർ ഡിവിഷനിലെ കാസർഗോഡ് റെയിഞ്ചിലും വന്യജീവി വിഭാഗത്തിനുകീഴിൽ പറമ്പിക്കുളം, വയനാട്, പീച്ചി, തേക്കടി, മൂന്നാർ, ഇടുക്കി എന്നീ സ്ഥലങ്ങളിലും ചന്ദനമരങ്ങൾ ഉണ്ട്.

(ബി)ചന്ദനമരങ്ങളുടെ സംരക്ഷണത്തിനായി ആവശ്യമായ ജീവനക്കാരെ നിയോഗിച്ച് വാഹനം, വാർത്താവിനിമയ സൗകര്യങ്ങൾ, ആയുധം എന്നിവ നൽകി നിരന്തരമായി ഫീൽഡ് പട്രോളിംഗ് നടത്തിവരുന്നു. മറയൂരിൽ പോലീസ് സേനാംഗങ്ങൾ ഉൾപ്പെടെ റാപ്പിഡ് ആക്ഷൻ ഫോഴ്സ് സുസജ്ജമായി പ്രവർത്തിക്കുന്നു. കൂടാതെ ചന്ദനമരങ്ങളുടെ സംരക്ഷണത്തെപ്പറ്റി സ്ഥലവാസികളിൽ കൂടുതൽ അവബോധം ഉണ്ടാക്കി അവരുടെ പങ്കാളിത്തവും ഉറപ്പുവരുത്തിയിട്ടുണ്ട്.

ചന്ദനമരങ്ങൾ പ്രകൃത്യാ വളർന്നുവരുന്ന സ്ഥലങ്ങൾ വർക്കിംഗ് പ്ളാനുകളിൽ രേഖപ്പെടുത്തി ആവശ്യമായ കൾച്ചറൽ ഓപ്പറേഷൻസ് നിർദ്ദേശിക്കുകയും അവ നടപ്പിലാക്കുകയും ചെയ്യുന്നു.

(സി) മറയൂർ മേഖലയിലെ ചന്ദനമരങ്ങളുടെ എണ്ണം തിട്ടപ്പെടുത്തിയിരുന്നു. ഇതിൽ കുറവു വന്നിട്ടുണ്ട്. മറ്റു സ്ഥലങ്ങളിൽ വളരുന്ന മരങ്ങളുടെ എണ്ണം തിട്ടപ്പെടുത്തിയിട്ടില്ല.

(ഡി) ഇപ്പോത്തന്നെ ചന്ദനമരങ്ങളെ ശാസ്ത്രീയമായി പരീക്ഷിക്കുന്നുണ്ട്. വിദഗ്ദ്ധസർവേ നടത്തി മരങ്ങളുടെ സ്താനം നിർണ്ണയിക്കേണ്ട ആവശ്യമുളളതായി കരുതുന്നില്ല.

## ജൈവകൃഷി വ്യാപകമാക്കാൻ നടപടി

371. ശ്രീ. ടി.കെ. ബാലൻ
ശ്രീ മഞ്ഞളാംകുഴി അലി
ശ്രീ പി. ജയരാജൻ
ശ്രീ വി.കെ. ചന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) ജൈവകൃഷി രിതിപഠിപ്പിക്കുവാനും പരിശീലിപ്പിക്കുവാനും വ്യാപകമാക്കുവാനുമായി എന്തെങ്കിലും പദ്ധതിയ്ക്ക് രൂപം നൽകിയിട്ടുണ്ടോ; എങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ;

(ബി) സംസ്ഥാനത്തിന് നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓർഗാനിക് ഫാമിംഗ് കേന്ദ്രം അനുവദിക്കണമെന്ന സംസ്ഥാന സർക്കാരിന്റെ ആവശ്യം കേന്ദ്രം അംഗീകരിച്ചിട്ടു്ണടോ;

(സി) ഇല്ലെങ്കിൽ ഇതു സംബന്ധിച്ച കേന്ദ്ര നിലപാട് എന്താണെന്ന് വ്യക്തമാക്കുമോ;

(ഡി) കേരളത്തെ സമ്പൂർണ്ണ ജൈവ കൃഷി സംസ്ഥാനമായി പ്രഖ്യാപിക്കണമെന്ന ആവശ്യത്തോട് കേന്ദ്ര സർക്കാരിന്റെ നിലപാട് എന്താണെന്ന് പറയാമോ;

(ഇ) സമ്പൂർണ്ണ ജൈവകൃഷി സംസ്ഥാനമായി പ്രഖ്യാപിക്കുന്നതിന് സ്വീകരിച്ചിട്ടുളള മാനദണ്ഡമെന്താണ്;

(എഫ്) ജൈവ കാർഷികോൽപ്പന്നങ്ങൾ മാത്രമേ കയറ്റുമതി ചെയ്യാവൂ എന്ന ഡബ്ളിയൂ.ടി. ഒ. തീരുമാനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടൊ;

(ജി) ഡബ്ളിയൂ.ടി. ഒ യുടെ തീരുമ.ാനം സംസ്ഥാനത്തെ സുഗന്ധ വ്യഞ്ജനങ്ങളുടെ കയറ്റുമതിയെ പ്രതികൂലമായി ബാധിക്കുമെന്ന യാഥാർത്ഥ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എച്ച്) എങ്കിൽ, ഇതിനു പരിഹാരം കാണാൻ എന്തെങ്കിലും നടപി സ്വീകരിച്ചിട്ടുണ്ടോ?

**ഉത്തരം**

**ശ്രീമതി. കെ. ആർ. ഗൗരിയമ്മ (കൃഷിയും കയറും വകുപ്പുമന്ത്രി)**

(എ) കേന്ദ്ര സർക്കാർ നിശ്ചയിച്ചിക്കുളള ഒരു ഗ്രാഫ്റ്റ് ആക്ഷൻ പ്ളാൻ- മാർഗ്ഗ നിർദ്ദേശങ്ങൾക്കനുസൃതമായി ഒരു ഗ്രാഫ്റ്റ് ആക്ഷൻ പ്ളാൻ തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്. ഈ പദ്ധതിയിൽ ജൈവകൃഷി പഠിപ്പിക്കൽ, പരീശീലിപ്പിക്കൽ,വ്യാപിപ്പിക്കൽ, സാക്ഷ്യപ്ത്രം നൽകൽ, വിപണനം അടിസ്ഥാന സൗകര്യം വികസിപ്പിക്കൽ എന്നിവ ഉൾപ്പെടുന്നതായിരിക്കും.

(ബി) നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓർഗാനിക് ഫാമിംഗ് കേരളത്തിൽ സ്ഥാപിക്കുന്നതിന് സംസ്ഥാന സർക്കാർ കേന്ദ്രത്തിന് എഴുതിയിട്ടുണ്ട്.

(സി) ഇൻസ്റ്റിട്യൂട്ട് സ്ഥാപിക്കുന്ന കാര്യത്തിൽ അന്തിമതീരുമാനമെടുക്കുന്ന അവസരത്തിൽ സംസ്താനത്തിന്റെ ആവശ്യം നിശ്ചയമായും കണക്കിലെടുക്കുന്നതാണെന്ന് കേന്ദ്ര സർക്കാർ അറിയിച്ചിട്ടുണ്ട്.

(ഡി) & (ഇ) - സംസ്ഥാന സർക്കാർ അങ്ങനെ ആവശ്യപ്പെട്ടിട്ടില്ല.

(എഫ്) ഡബ്ളിയു.ടി.ഒ.യുടെ തീരുമാനം വാർത്താമാധ്യമങ്ങൾ മുഖേന ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ജി) മാദ്ധ്യമങ്ങളിലൂടെ അറിവായ വിവരമനുസരിച്ച് കാര്യങ്ങൾ നടക്കുകയാണെങ്കിൽ സംസ്ഥാനത്തെ സുഗന്ധ ്യഞ്ജനങ്ങളുടെ കയറ്റുമതിയെ പ്രതികൂലമായി ബാധിക്കാൻ സാദ്ധ്യതയുണ്ട്.

(എച്ച്) മുകളിൽപ്പറഞ്ഞ ആക്ഷൻ പ്ളാനിന് അന്തിമരൂപം നൽകി നടപ്പാക്കുമ്പോൾ ഇതിന് കുറെ പരിഹാരമാകും.

<u>അന്ത്യോദയ പദ്ധതി</u>

372. ശ്രീ.കെ.പി. സതീശ്ചന്ദ്രൻ
ശ്രീ സാജു പോൾ
ശ്രീമതി ഗിരിജാ സുരേന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്ക്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അന്ത്യോദയ പദ്ധതിപ്രകാരം കുറഞ്ഞവിലയ്ക്ക് അരി ലഭ്യമാക്കാൻ അർഹതയുള്ള കുടുംബങ്ങൾ എത്രയാണെന്ന് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ എത്ര;

(ബി) ഈ പദ്ധതിയനുസരിച്ച് അരി വിതരണം നടത്തുന്നതിന് എത്ര ടൺ അരി പ്രതിമാസം ആവശ്യമുണ്ടെന്ന് വ്യക്തമാമക്കാമോ;

(സി) ഈ പദ്ധതിയനുസരിച്ച് വിതരണം ചെയ്യേണ്ട അരി പൂർണ്ണമായും കേന്ദ്രം നൽകുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ഡി) അന്ത്യോദയ പദ്ധതിയിൽ കൂടുതൽ കുടുംബങ്ങളെ ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടൊ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(ഇ) അന്ത്യോദയ പദ്ധതിയനുസരിച്ച് വിതരണം ചെയ്യുന്ന അരിയുടെ ഗുണമേൻമ ഉറപ്പുവരുത്താൻ നടപി സ്വീകരിക്കുമോ?

**ഉത്തരം**

**ശ്രീ. ജി. കാർത്തികേയൻ (ഭക്ഷ്യവും സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി)**

(എ) ഉണ്ട്. 271575 കുടുംബങ്ങൾ

(ബി) പ്രതിമാസം 9505.125 മെട്രിക് ടൺ അരി ആവശ്യമുണ്ട്.

(സി) നൽകുന്നുണ്ട്.

(ഡി) ഉണ്ട്. രണ്ട് ലക്ഷത്തോളം കുടുംബങ്ങളെ അധികമായി ചേർക്കുന്നതാണ്. താഴെപ്പറയുന്ന മുൻഗണനാ വിഭാഗങ്ങളെ കൂടുതലായി ചേർക്കണമെന്ന് കേന്ദ്ര സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്.

1. നിരാശ്രയരും നിശ്ചിതമായ ഉപജീവനമാർഗ്ഗം ഇല്ലാത്തവരുമായ വിധവകൾ, മാരകരോഗബാധിതരായിട്ടുള്ളവർ, അംഗവൈകല്യം സംഭവിച്ചവർ, 60 വയസ്സോ അതിനുമുകളിലോ പ്രായമുള്ള വ്യക്തികൾ എന്നിവർ നാഥൻ നാഥയായിട്ടുള്ള കുടുംബങ്ങൾ.
2. നിരാശ്രയരും നിശ്ചിത വരുമാനമില്ലാത്തവരും കുടുംബമില്ലാത്തവരുമായ വിധവകൾ രോഗ ബാധിതരായിട്ടുള്ളവർ, അംഗവൈകല്യം സംഭവിച്ചവർ, ഏകൻ/ഏകയായ പുരുഷനോ സ്ത്രീയോ 60 വയസ്സോ അതിനുമുകളിലോ പ്രായമുള്ളവർ
3. ആദിമ ഗോത്രവർഗ്ഗ കുടുംബങ്ങൾ

(ഇ) ഗുണമേന്മയുള്ള അരിയാണ് വിതരണം ചെയ്തു

<u>നിലവിലുള്ള പെൻഷൻ പദ്ധതിയിൽ മാറ്റം വരുത്താനുള്ള തീരുമാനം</u>

373. ശ്രീ.ടി.പി.എം സാഹിർ
ശ്രീ സി.ടി. അഹമ്മദാലി
ശ്രീ സി. മമ്മുട്ടി
ശ്രീ കെ. കുട്ടി അഹമ്മദ് കുട്ടി
ശ്രീ യു.സി. രാമൻ; താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) സർവീസിൽ നിന്നു വിരമിക്കുന്ന ഗവൺമെന്റ് ജീവനക്കാർക്ക് നിലവിലുള്ള പെൻഷൻ പദ്ധതിയിൽ മാറ്റം വരുത്താൻ ആലോചിക്കുന്നുണ്ടോ;
(ബി) ഇതിനുപകരം ഏർപ്പെടുത്തുന്ന പദ്ധതി എന്താണ്;
(സി) അതിന്റെ വിശദാംശം വെളിപ്പെടുത്തുമോ?

**ഉത്തരം**
**ശ്രീ.കെ. ശങ്കരനാരായണൻ (ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി)**

(എ) യും (ബി) യും– 16.1.2002. ലെ സർക്കാർ ഉത്തരവ് (പി) 56/02/ധന ഉത്തരവിലെ ഖണ്ഡിക 16 പ്രകാരം പുതുതായി സർക്കാർ സർവീസിലും/പെൻഷൻ പദ്ധതി നിലവിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിലും ജോലിയിൽ പ്രവേശിക്കുന്നവർക്ക് കോൺട്രിബ്യൂട്ടറി പെൻഷൻ സ്കീം നടപ്പിലാക്കുവാൻ നയപരമായി തീരുമാനമെടുത്തിട്ടുണ്ട്. അതിനുമുൻപേ സർവീസിൽ ഉണ്ടായിരുന്നവർക്ക് നിലവിലുള്ള പെൻഷൻ പദ്ധതിയിൽ മാറ്റം വരുത്താൻ ആലോചിക്കുന്നില്ല.
(സി) കേന്ദ്ര സർക്കാർ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന കോൺട്രിബ്യൂട്ടറി പെൻഷൻ പദ്ധതിയുടെ വിശദാംശങ്ങൾ അറിഞ്ഞശേഷം ഒരു തീരുമാനമെടുക്കാൻ ഉദ്ദേശിക്കുന്നു.

## ആദിവാസികൾക്ക് വനം കയ്യേറ്റക്കാരിൽ നിന്നും സംരക്ഷണം

374. പ്രൊഫ.സാവിത്രി ലക്ഷ്മണൻ :
ശ്രീ. എം.മുരളി
ശ്രീ. സി. പി.മുഹമ്മദ് :
ശ്രീ. എൻ.ഡി.അപ്പച്ചൻ :
ശ്രീ. കെ.സി.വേണുഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:
(എ) വനത്തിൽ കയ്യേറ്റം നടത്തുകയോ വനസമ്പത്ത് അനധികൃതമായി നശിപ്പിക്കുന്നവരേയോ പറ്റി വിശദവിവരം നൽകുന്ന ആദിവാസികൾക്ക് ഏതെല്ലാം വിധത്തിലുള്ള സംരക്ഷണം നൽകുന്നുണ്ട്.
(ബി) ഇത്തരത്തിലുള്ള വിവരങ്ങൾ നൽകുന്നവരെ കയ്യേറ്റക്കാർ ക്രൂരമായി മർദ്ദിച്ചാൽപോലും അവർക്ക് വേണ്ടത്ര സംരക്ഷണം നൽകാത്ത അവസ്ഥ നിലവിലുണ്ടോ;
(സി) ഇത് സംബന്ധിച്ച ആദിവാസികളുടെ പരാതികൾക്ക് അടിയന്തിര പരിഹാരം ഉണ്ടാക്കുമോ ?
**ഉത്തരം**

**ശ്രീ. കെ. സുധാകരൻ (വനവും സ്പോർട്ട്സും വകുപ്പുമന്ത്രി ) :**

(എ) ഇത്തരം വിവരം നൽകുന്ന ആദിവാസികളുടെ പേരുവിവരം അതീവരഹസ്യമായി സൂക്ഷിക്കുകയും പോലീസ് സംരക്ഷണം ആവശ്യമെന്ന് കാണുന്ന സന്ദർഭത്തിൽ ഇവർക്ക് പോലീസ് സംരക്ഷണം നൽകുകയും ചെയ്യുന്നുണ്ട്.

(ബി) ഇല്ല.

(സി) ഇത്തരത്തിൽ പരാതികൾ ലഭിച്ചിട്ടില്ല. പരാതികൾ ലഭിച്ചാൽ അവ പരിഹരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

**<u>വനങ്ങളിൽ ക്ലിയർ ഫെല്ലിങ്ങും സെലക്ഷൻ ഫെല്ലിങ്ങും നിർത്തി വയ്ക്കാനുണ്ടായ കാരണം</u>**

375 ശ്രീ. എം.കുമാരൻ :

ശ്രീ. ബിനോയ് വിശ്വം :

ശ്രീ. എൻ.രാജൻ :താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വനങ്ങളിൽ ക്ലിയർ ഫെല്ലിങ്ങും സെലക്ഷൻ ഫെല്ലിങ്ങും നിർത്തൽ ചെയ്തിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ നിർത്തൽ ചെയ്തതെപ്പോഴാണ് ; നിർത്തിവയ്ക്കാനുണ്ടായ കാരണം വ്യക്തമാക്കുമോ ;

(സി) സർക്കാരിന്റെ വരുമാനം വർദ്ധിപ്പിക്കുന്നതിനായി ക്ലിയർഫെല്ലിങ്ങും സെലക്ഷൻഫെല്ലിങ്ങും വീണ്ടും ആരംഭിക്കുന്നതിന് ഉദ്ദേശമുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ എപ്പോൾ മുതൽ പുനരാരംഭിക്കുമെന്ന് പറയാമോ ;

(ഇ) പ്രസ്തുത നടപടിയിൽ നിന്നും എന്തുമാത്രം വരുമാനം പ്രതീക്ഷിക്കുന്നുണ്ടെന്ന് വെളിപ്പെടുത്താമോ ?

**<u>ഉത്തരം</u>**

**ശ്രീ. കെ. സുധാകരൻ (വനവും സ്പോർട്ട്സും വകുപ്പുമന്ത്രി ) :**

(എ) ഉണ്ട്.

(ബി) ക്ലിയർ ഫെല്ലിങ്ങും സെലക്ഷൻ ഫെല്ലിങ്ങും 1987-ലാണ് നിർത്തലാക്കിയത്. എന്നാൽ നിത്യ ഹരിത വനങ്ങൾ, അർദ്ധ ഹരിത വനങ്ങൾ, വന്യ മൃഗസങ്കേതങ്ങൾ എന്നിവിടങ്ങളിൽ 1981-ൽ തന്നെ ക്ലിയർ ഫെല്ലിംഗ് നിർത്തലാക്കിയിരുന്നു. വനത്തിലെ ജീവജാലങ്ങൾക്ക് ഹാനികരമായതിനാലും വനങ്ങൾ നശിക്കാതെ സംരക്ഷിക്കേണ്ടവയാണെന്നുള്ള അവബോധവുമാണ് ഇവ രണ്ടും നിർത്തലാക്കാൻ കാരണമായത്.

(സി) സ്വാഭാവിക വനങ്ങളിൽ ക്ലിയർ ഫെല്ലിംഗും സെലക്ഷൻ പെല്ലിംഗും നടത്താൻ ഉദ്ദേശിക്കുന്നില്ല.

(ഡി) യും (ഇ) യും : ഉത്തരം (സി) യുടെ വെളിച്ചത്തിൽ ഉദിക്കുന്നില്ല.

**<u>നികുതി ചോർച്ച തടയുന്നതിനുള്ള മുൻകരുതലുകൾ</u>**

376. ശ്രീ.മത്തായി ചാക്കോ :

ശ്രീ. എ. കെ.ബാലൻ :

ശ്രീ.വി.കെ.സി. മമ്മദ് കോയ :

ശ്രീ പി.സി.ജോർജ്ജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ വില്പനനികുതി ചോർച്ച തടയുന്നതിന് സർക്കാർ കൈക്കൊണ്ടിട്ടുള്ള നടപടികൾ എന്തൊക്കെയാണ് ;

(ബി) വില്പനനികുതി ചോർച്ച തടയുന്നതിനായി സ്വീകരിച്ചിട്ടുള്ള മുൻകരുതൽ നടപടികൾ വ്യക്തമാക്കുമോ ;

(സി) ഈ മുൻകരുതൽ നടപടികൾ പൂർണ്ണമായും നടപ്പിലാക്കാൻ കഴിയുന്നുണ്ടോ ;

(ഡി) ഇല്ലെങ്കിൽ തടസ്സങ്ങൾ എന്തൊക്കെയാണ് ;

(ഇ) നികുതി ചോർച്ച തടയുന്നതിനുള്ള മുൻകരുതൽ നടപടി ശക്തമായി നടപ്പാക്കാൻ സർക്കാർ തീരുമാനം കൈക്കൊള്ളുമോ ?

**<u>ഉത്തരം</u>**

**ശ്രീ. കെ.ശങ്കരനാരായണൻ (ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി ) :**

(എ) ചെക്ക് പോസ്റ്റ്കളിൽക്കൂടി കടന്നു വരുന്ന ചരക്കു വാഹനങ്ങൾ സൂക്ഷ്മ പരിശോധന നടത്തുകയും കൃത്യമായ രേഖകൾ ഇല്ലാതെയോ, കൃത്രിമമായ രേഖകളോടുകൂടിയോ, യാതൊരു രേഖകളുമില്ലാതെയോ വരുന്ന ചരക്കുകൾക്ക് നിയമപ്രകാരമുള്ള സെക്യൂരിറ്റി ഈടാക്കി വരുന്നു. കൂടാതെ ബൈ റൂട്ടുകളിലൂടെയുള്ള ചരക്ക് കടത്തു തടയുന്നതിന് ഈ പ്രദേശങ്ങളിൽ വില്പനനികുതി ഇന്റലിജൻസ് സ്ക്വാഡുകളുടെ പരിശോധന ശക്തമാക്കിയിട്ടുള്ളതുമാകുന്നു.പ്രവേശന നികുതി നിയമപ്രകാരം 38 ഇനം ചരക്കുകൾക്ക് പ്രവേശന നികുതി ഈടാക്കി വരുന്നു. ഇവയ്ക്ക് പുറമേ ജോയിന്റ് കമ്മീഷണർ (എൻഫോഴ്സ്മെന്റ്) , ജില്ലാ ഡെപ്യൂട്ടി കമ്മീഷണർമാർ, ഇന്റലിജൻസ് ആഫീസർമാർ എന്നിവർ കൂടെക്കൂടെ ചെക്ക് പോസ്റ്റുകൾ പരിശോധിക്കുകയും വേണ്ട നിർദ്ദേശങ്ങൾ ഇന്റലിജൻസ് ഓഫീസർമാർ ഏറ്റെടുത്ത് വാഹന പരിശോധന കർശനമാക്കിയും നികുതി വെട്ടിപ്പ് തടയുന്നു.ചില പ്രത്യേക ചരക്കുകൾ അതായത് കാപ്പി, റബ്ബർ, ഏലം, ഇഞ്ചി, കുരുമുളക്, അടയ്ക്ക, കശുവണ്ടി, ഇരുമ്പ് , ഉരുക്ക് എന്നിവ സംസ്ഥാനത്തിനകത്തേക്കോ പുറത്തേക്കോ കള്ളക്കടത്ത് നടത്തുമ്പോൾ അപ്രകാരം കള്ളക്കടത്തു നടത്താൻ ഉപയോഗിച്ച വാഹനത്തോടൊ അല്ലെങ്കിൽ ഉരുവോടൊ സഹിതം അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥന് കണ്ടുകെട്ടുന്നതിനുള്ള വ്യവസ്ഥ വകുപ്പ് 30 ഇ കേരള പൊതുവില്പന നികുതി നിയമത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി) ചോദ്യം (എ) യുടെ മറുപടിയിൽ പറഞ്ഞിട്ടുള്ള കാര്യങ്ങൾക്ക് പുറമെ വില്പനനികുതി വകുപ്പിലെ ഇൻവെസ്റ്റിഗേഷൻ ബ്രാഞ്ച്, കച്ചവടക്കാർ സ്വീകരിച്ചു വരുന്ന പലതരം നികുതി വെട്ടിപ്പുകളും അന്വേഷണം നടത്തി നികുതി ഈടാക്കാനും നികുതി വെട്ടിപ്പ് തടയാനുമുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ബാങ്കുകൾ, പാർസൽ ഓഫീസുകൾ എന്നിവ വഴി കച്ചവടക്കാർ നടത്തിയിട്ടുള്ള ഇടപാടുകളെ *സംബന്ധിച്ച* വിവരങ്ങൾ ശേഖരിച്ച് കച്ചവടക്കാരുടെ കണക്കുമായി ഒത്തുനോക്കി ക്രമക്കേടുകൾ കാണുകയാണെങ്കിൽ ആയതിന് പെനാലിറ്റി ഈടാക്കി വരുന്നു. ഇതുപോലെത്തന്നെ അന്യ സംസ്ഥാനങ്ങളിൽ നിന്നും സംസ്ഥാനത്തുള്ള കച്ചവടക്കാർ വില്പനക്കായി കൊണ്ടുവന്നിട്ടുള്ള സാധനങ്ങളുടെ വിവരങ്ങൾ അന്യ സംസ്ഥാനങ്ങളിൽ നിന്നും ശേഖരിച്ച് വേണ്ട നടപടികൾ സ്വീകരിച്ചു വര്ന്നു. ഇതിനു പുറമെ ആവശ്യമുള്ള സാഹചര്യങ്ങളിൽ ഇന്റലിജൻസ് ഓഫീസർമാർ കട പരിശോധന നടത്തുകയും നികുതി വെട്ടിപ്പ് കണ്ടെത്തുകയും നികുതി ചോർച്ച തടയുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. കൊമേഴ്സ്യൽ ഇൻവെസ്റ്റിഗേഷൻ എന്ന പേരിൽ ഒരു പ്രത്യേക സെൽ, കമ്മീഷണറുടെ നിയന്ത്രണത്തിൽ കള്ളക്കടത്തുകളെ സംബന്ധിച്ചുള്ള വിവരങ്ങൾ ശേഖരിക്കുവാനും അവ തടയുന്നതിനാവശ്യമായ നടപടികൾ എടുക്കാനും റെയിൽവേ വഴിയും മറ്റു ഗതാഗത മാർഗ്ഗങ്ങളിൽക്കൂടിയും കൊണ്ടുവരുന്ന സാധനങ്ങളെ സംബന്ധിച്ചുള്ള വിവരങ്ങൾ ശേഖരിക്കുന്നതിനുമായി പ്രവർത്തിച്ചു വരുന്നു.

(സി) ലഭ്യമായ സംവിധാനങ്ങൾ ഉപയോഗിച്ച് ഈ മുൻകരുതൽ നടപടികൾ പരമാവധി ഫലപ്രദമാക്കുന്നുണ്ട്.

(ഡി) ബാധകമല്ല.

(ഇ) നികുതി വെട്ടിപ്പ് തടയാനുള്ള ശക്തമായ നടപടികൾ പരമാവധി ഊർജ്ജിതമാക്കുന്നതാണ്.

## <u>കൊപ്രയുടെ താങ്ങു വില</u>

377. ഡോ.തോമസ് ഐസക് :

ശ്രീ.പിരപ്പൻ കോട് മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊപ്രയുടെ താങ്ങുവില കേന്ദ്ര ഗവണ്മെന്റ് നിശ്ചയിച്ചിട്ടുണ്ടോ ;

(ബി) കഴിഞ്ഞ തവണത്തേക്കാൾ എത്ര രൂപ വർദ്ധിപ്പിച്ചാണ് താങ്ങുവില നിശ്ചയിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ;

(സി) താങ്ങുവില നിശ്ചയിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ; നാളികേരത്തിന്റെ ഉല്പാദനച്ചെലവ് കണക്കാക്കിയാണോ താങ്ങുവില നിശ്ചയിച്ചത് ;

(ഡി) താങ്ങുവില പ്രഖ്യാപിച്ചതിനു ശേഷം എത്ര ടൺ കൊപ്ര സംഭരിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ ;

(ഇ) സംസ്ഥാനത്ത് ഏതെല്ലാം ഏജൻസികളിൽ കൂടിയാണ് കൊപ്ര സംഭരിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(എഫ്) കുറ്റമറ്റ സംഭരണത്തിന് സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ;

(ജി) കൊപ്ര സംഭരണത്തിൽ നടന്ന അഴിമതികളെക്കുറിച്ചുള്ള അന്വേഷണം ഏത് ഘട്ടത്തിലാണ് ; ഇത് സംബന്ധിച്ച് നടത്തിയ അന്വേഷണ റിപ്പോർട്ട് സർക്കാരിന് ലഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ?

**ഉത്തരം**

**ശ്രീമതി. കെ.ആർ.ഗൗരിയമ്മ ( കൃഷിയും കയറും വകുപ്പു മന്ത്രി ) :**

(എ) നിശ്ചയിച്ചിട്ടുണ്ട്. ക്വിന്റലിന് മില്ലിംഗ് കൊപ്രക്ക് 3320 രൂപയും ഉണ്ട കൊപ്രക്ക് 3570 രൂപയുമാണ് 2003 സീസണിൽ താങ്ങുവിലയായി നിശ്ചയിച്ചിട്ടുള്ളത്.

(ബി) ക്വിന്റലിന് 20 രൂപ വീതം വർദ്ധിപ്പിച്ചു.

(സി) നാളികേരത്തിന്റെ ഉല്പാദനം, ചെലവ് എന്നിവയുമായി ബന്ധപ്പെട്ട് എല്ലാ വിവരങ്ങളും നാളികേരം ഉല്പാദിപ്പിക്കുന്ന എല്ലാ സംസ്ഥാനങ്ങളിൽ നിന്നും ശേഖരിച്ച് വിലയിരുത്തിയ ശേഷം ദേശീയ കാർഷിക വില നിർണ്ണയ കമമീഷൻ കേന്ദ്ര സർക്കാരിനു നൽകുന്ന ശുപാർശയുടെ അടിസ്ഥാനത്തിലാണ് താങ്ങുവില നിശ്ചയിക്കുന്നത്. ഇതിനു സ്വീകരിക്കുന്ന മാനദണ്ഡങ്ങൾ സംസ്ഥാനത്തിന് കൃത്യമായി അറിയില്ല.

(ഡി) ഈ സീസണിൽ സംഭരണം ആരംഭിച്ചിട്ടില്ല. താങ്ങു വിലയെക്കാൾ കൂടുതലാണ് പലപ്പോഴും മാർക്കറ്റു വില.

(ഇ) കേരഫെഡ്, കൺസ്യൂമർഫെഡ് എന്നീ ഏജൻസികളിൽ കൂടിയാണ് അവസാനം കൊപ്ര സംഭരിച്ചത്.

(എഫ്) കൊപ്ര സംഭരണം കുറ്റമറ്റതാക്കുന്നതിനും ക്രമക്കേടുകൾ കണ്ടുപിടിക്കുന്നതിനും സൂപ്രണ്ട് ഓഫ് പോലീസ് മറൈൻ എൻഫോഴ്സ്മെന്റിന്റെ കീഴിൽ വിജിലൻസ് സെൽ പ്രവർത്തനമാരംഭിച്ചിട്ടുണ്ട്.

(ജി) 200-2001 സീസണിലെ കൊപ്ര സംഭരണത്തെ സംബന്ധിച്ച് ഉണ്ടായിട്ടുള്ള ആരോപണങ്ങൾ സംബന്ധിച്ച അന്വേഷണം വിജിലൻസ് നടത്തി വരുന്നുണ്ട്. ഇക്കാര്യത്തിൽ ഉത്തരവാദികളായ സംഘം ജീവനക്കാരുടെ മേൽ സസ്പെൻഷൻ തുടങ്ങിയ നടപടികൾ വിജിലൻസ് ആന്റ് ആന്റികറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ റിപ്പോർട്ടിന്റ അടിസ്ഥാനത്തിൽ സഹകരണ രജിസ്ട്രാർ സ്വീകരിച്ചിട്ടുണ്ട്. ഹൈക്കോടതിയിൽ വന്ന ഒരു ഹർജിയിൽ കോടതി ഉത്തരവായതനുസരിച്ച് ക്രമക്കേടുകൾ സംബന്ധിച്ച് സി.ബി.ഐ അന്വേഷണവും ആരംഭിച്ചിട്ടുണ്ട്.

## ജൈവ കൃഷി വ്യാപകമാക്കുന്നതിന് നടപടി

378 ശ്രീ. തോമസ് ചാഴിക്കാടൻ :

ശ്രീ. റോഷി അഗസ്റ്റിൻ :

ശ്രീ. കെ.നാരായണക്കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2005 മുതൽ ജൈവ കർഷികോല്പന്നങ്ങൾക്ക് മാത്രമേ ഇറക്കുമതി അനുവദിക്കൂ എന്ന ലോക വ്യാപാര സംഘടനയുടെ തീരുമാനം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇതിന്റെ അടിസ്ഥാനത്തിൽ ജൈവകൃഷി വ്യാപകമാക്കുന്നതിന് സർക്കാരിന് പദ്ധതിയുണ്ടോ ;

(സി) ജൈവകൃഷി രീതി പഠിപ്പിക്കാനും പരിശീലനം നൽകാനും വ്യാപകമാക്കാനും കേന്ദ്ര ഗവണ്മെന്റ് സ്ഥാപിക്കുന്ന നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓർഗാനിക് ഫാമിംഗ് കേരളത്തിൽ സ്ഥാപിക്കുന്നതിന് കേന്ദ്ര ഗവണ്മെന്റിൽ സമ്മർദ്ദം ചെലുത്തുമോ ;

(ഡി ഇത് സംബന്ധിച്ച് കേന്ദ്ര ഗവണ്മെന്റുമായി പ്രാഥമിക ചർച്ച നടത്തിയിട്ടുണ്ടോ ; വിശദാംശം വ്യക്തമാക്കുമോ ?

**ഉത്തരം**

**ശ്രീമതി. കെ.ആർ.ഗൗരിയമ്മ ( കൃഷിയും കയറും വകുപ്പു മന്ത്രി ) :**

(എ) ആന്റ് (ബി) വാർത്താ മാധ്യമങ്ങൽ മുഖേനെ ശ്രദ്ധയിൽപെട്ടിട്ടുണ്ട്. കേരളത്തിൽ ജൈവകൃഷി വ്യാപിപ്പിക്കുന്തിന്റെ ഭാഗമായി സർക്കാർ നിർദ്ദേശ പ്രകാരം കൃഷി വകുപ്പ്, കാർഷിക സർവകലാശാല,യിലെയും ഐ.സി.എ.ആർ സ്ഥാപനങ്ങള്ലെയും സാസ്ത്രജ്ഞരെയും ജൈവ കൃഷിയിൽ ഏർപ്പെട്ടിരിക്കുന്ന എൻ.ജി.ഒ സ്ഥാപനങ്ങളിലെ വിദഗ്ധരെയും മുഖ്യമന്ത്രിയുടെ ഉപദേ,്ടാവിനെയും ഫുഡ് ആന്റ് അഗ്രിക്കൽച്ചർ ഓർഗനൈസേഷന്റെ ഉപദേഷ്ടാവിനെയും ഉൾപ്പെപടുത്തി ഒരു ചർച്ച സംഘടിപ്പിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ ഒരു ഡ്രാഫ്റ്റ് ആക്ഷൻ പ്ലാൻ തയ്യാറാക്കിക്കൊണ്ടിരിക്കുകയുമാണ്. ഇതിൽ ജൈവകൃഷിയെക്കുപറിച്ച് പരിശീലനം, പഠിപ്പിക്കൽ, വ്യാപിപ്പിക്കൽ, സാക്ഷ്യപത്രം നൽകൽ, വിപണനം, അടിസ്ഥാന സൗകര്യം വികസിപ്പിക്കൽ എന്നീ ഘടകങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതു കൂടാതെ കുരുമുളക് വികസന പദ്ധതി പ്രകാരം ജൈവകൃഷിയിലൂടെ 800 ഹെക്ടർ സ്ഥലത്ത് കുരുമുളക് ഉല്പാദിപ്പിക്കുന്ന പദ്ധതിയും, 100 ഹെക്ടർ സ്ഥലത്ത് ജൈവകൃഷിയിലൂടെ ശീതകാല പച്ചക്കറികൾ ഉല്പാദിപ്പിക്കുന്ന പദ്ധതിയും വയനാട് ജില്ലയിൽ ജീരകശാല, ഗന്ധകശാല എന്നീ നെല്ലിനങ്ങൾ ജൈവകൃഷിയിലൂടെ ഉല്പാദിപ്പിക്കുന്ന പദ്ധതിയും, പൊക്കാളി പ്രദേശത്ത് നെൽകൃഷി ജൈവകൃഷിയായി പ്രോത്സാഹിപ്പിക്കുന്നതിനും ഉള്ള പദ്ധതി സർക്കാർ നടപ്പിലാക്കി വരുന്നു.

(സി) നാഷണൽ ഇൻസ്റ്റിററ്യൂട്ട് ഓഫ് ഓർഗാനിക് ഫാമിംഗ് കേരളത്തിൽ സ്ഥാപിക്കണമെന്നും അതിനായി അനുയോജ്യമായ സ്ഥലത്ത് 200 ഹെക്ടർ ഭൂമി ലഭ്യമാക്കണമെന്നും കേന്ദ്രസർക്കാരിനെ അറിയിച്ചിട്ടുണ്ട്.

(ഡി) ചർച്ചക്ക് കേന്ദ്ര സർക്കാർ ക്ഷണിച്ചിട്ടില്ല. എന്നാൽ കൃഷിയുമായി ബന്ധപ്പെട്ട എല്ലാ ദേശീയ കോൺഫറൻസുകളിലും ഇക്കാര്യം ഉന്നയിച്ചിട്ടുണ്ട്.

**കാർഷിക മേഖല നേരിടുന്ന പ്രതിസന്ധിക്ക് പരിഹാരം കാണാൻ നടപടി**

379. ശ്രീ. രാജു എബ്രഹാം :
ശ്രീ. തോമസ് ഐസക് :
ശ്രീ.പിരപ്പൻകോട് മുരളി ::
ശ്രീ കെ.കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാർഷികോൽപ്പന്നങ്ങളുടെ വിലത്തകർച്ച മൂലം കാർഷിക മേഖല നേരിടുന്ന പ്രതിസന്ധിക്ക് പരിഹാരം കാണാൻ സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് പറയാമോ ;

(ബി) ഇതിന്റെ ഫലമായി ഏതെല്ലാം കാർഷികോൽപന്നങ്ങളുടെ വിലയിടിവ് തടയാൻ കഴിഞ്ഞിട്ടുണ്ടെന്ന് പറയാമോ;

(സി) റബ്ബറിനും കാപ്പിക്കും നേരിട്ട വിലത്തകർച്ചക്ക് പരിഹാരം കാണാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ഡി) അന്തരാഷ്ട്ര വിപണിയിൽ റബ്ബറിനും കാപ്പിക്കും ഉണ്ടായ വിലവർദ്ധനവ് സംസ്ഥാനത്തെ കാർഷികോല്പന്നങ്ങളുടെ വില പിടിച്ചുനിർത്തുന്നതിന് കാരണമായിട്ടുണ്ടോ;

(ഇ) ഇറക്കുമതി നിയന്ത്രണം ഒഴിവാക്കി കാർഷികോല്പന്നങ്ങൾ ഇറക്കുമതി ചെയ്യുന്നതു മൂലം സംസ്ഥാനത്തെ കാർഷികോല്പന്നങ്ങളുടെ വിലത്തകർച്ചക്ക് കാരണമാകുന്നുണ്ടോ ; എങ്കിൽ ഇതിനു പരിഹാരം കാണാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ?

**ഉത്തരം**

**ശ്രീമതി. കെ.ആർ.ഗൗരിയമ്മ ( കൃഷിയും കയറും വകുപ്പു മന്ത്രി ) :**

(എ) ആന്റ് (ബി) കാർഷികോൽപ്പന്നങ്ങളുടെ വിലത്തകർച്ച മൂലം കാർഷിക മേഖല നേരിടുന്ന പ്രതിസന്ധിക്ക് പരിഹാരം കാണാൻ സർക്കാർ താഴെ പറയുന്ന നടപടികൾ സ്വീകരിച്ചു :

1. ഉല്പന്നങ്ങളുടെ വിലയിടിവു തടയുന്നതിന് എല്ലാ പ്രധാന കാർഷികോൽപ്പന്നങ്ങളേയും ഉൽക്കൊളളിച്ച് 95 കോടി രൂപയുടെ ഒരു പ്രത്യേക പാക്കേജു പദ്ധതി ആവിഷ്കരിച്ചു നടപ്പിലാക്കി വരുന്നു. പ്രധാന വിളകളുടെ ഇറക്കുമതി തടയുന്നതിന് ഇവയുടെ ഇറക്കുമതി താരിഫ് ഡബ്ലിയു.റ്റി. ഒ. നിബന്ധിത പരമാവധി നിരക്കിലേക്ക് വർദ്ധിപ്പിക്കണമെന്നും നിരന്തരം കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടു.
2. ഗുണമേന്മയുളള നമ്മുടെ കാർഷികോൽപന്നങ്ങളുടെ വൈവിധ്യവൽക്കരണത്തിനും കയറ്റുമതി വർദ്ധിപ്പിക്കുന്നതിനും ഇറക്കുമതി ചെയ്യപ്പെടുന്നവയുടെ ഗുണമേന്മ നിഷ്കർഷിക്കുന്നതിനുളള നിബന്ധനകൾ കർശനമാക്കുന്നതിനും കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.
3. അടയ്ക്കയുടെ വിലയിടിവ് തടയാൻ സർക്കാർ കാംകോ വഴി മാർക്കറ്റ് വിലയേക്കാൾ കിലോയ്ക്ക് 10 രൂപ അധികം നൽകി സംഭരണം നടത്തി വരുന്നു. വിപണിയിലെ ഇടപടൽ മൂലം അടയ്ക്ക വില കിലോഗ്രാമിന് 30-40 രൂപയായിരുന്നത് 50-60 രൂപ വരെയായി ഉയർന്നിട്ടുണ്ട്.
4. കുരുമുളക് വിലയിടിയുന്നത് തടയാനും കേരളത്തിന്റെ കുരുമുളകിന്റെ ഗുണമേന്മയിൽ കലർപ്പുണ്ടാക്കുന്നത് ഒഴിവാക്കാനും ശ്രീലങ്കയിൽ നിന്നും അനിയന്ത്രിതമായ ഇറക്കുമതി തടയാൻ കേന്ദ്രത്തിലേക്ക് കത്തയച്ചു.
5. റബ്ബറിന് വില കുറഞ്ഞിരുന്ന അവസരത്തിൽ കേന്ദ്രം പ്രഖ്യാപിച്ച വിലയ്ക്ക് സംയുക്ത ഏജൻസികൾ വഴി സംഭരിക്കുന്നതിനുളള നടപടി സ്വീകരിക്കുകയും ഇതിന്റെ കൂടി ഫലമായി റബ്ബർ വില ഗണ്യമായി ഉയരുകയും ചെയ്തിട്ടുണ്ട്.

(സി) റബ്ബറിനു നേരിട്ട വിലത്തകർച്ചക്ക് പരിഹാരം കാണാൻ റബ്ബർ സംഭരണം ഏർപ്പെടുത്തയിട്ടുണ്ട്. ിതിനായി കഴിഞ്ഞ വർഷം 12630991 .85 രൂപ ചെലവാക്കിയിട്ടുണ്ട്. കാപ്പിക്ക് നേരിട്ട വ്ലത്തകർച്ചക്ക് പരിഹാരം കാണാൻ 2002 -2003 വർഷത്തിൽ സ്പെഷ്യൽ പാക്കേജു പദ്ധതി പ്രകാരം കാപ്പിയോ കുരുമുളകോ ഒറ്റ വിളയായി കൃഷി ചെയ്തുവരുന്ന കർഷകർക്ക് ഹെക്ടറിന് 500 രൂപ വീതം കൃഷി ചെലവിന് ആശ്വാസമെന്നോണം നൽകി വരുന്നു. കൂടാതെ കുരുമുളകു തോട്ടത്തിൽ കാപ്പി ഇടവിളയായി കൃഷി ചെയ്തുവരുന്ന കർഷകർക്ക് ഹെക്ടറൊന്നിന് 1000 രൂപ വീതവും നൽകി വരുന്നു.

(ഡി) ഒരു പരിധി വരെ കാരണമായിട്ടുണ്ട്.

(ഇ) ഇറക്കുമതി നിയന്ത്രണം ഒഴിവാക്കി കാർഷികോൽപ്പന്നങ്ങൽ ഇറക്കുമതി ചെയ്യുന്നതുമൂലം സംസ്ഥാനത്തെ കാർഷികോൽപ്പന്നങ്ങൾക്ക് വിലത്തകർച്ച ഉണ്ടായിട്ടുണ്ട്. ഇതിനു പരിഹാരം കാണാൻ താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട് :

1. പ്രധാന വിളകളുടെ ഇറക്കുമതി തടയുന്നതിനും ഇവയുടെ ഇറക്കുമതി താരിഫ് ഡബ്ലിയു.റ്റി. ഒ. നിബന്ധിത പരമാവധി നിരക്കിലേക്ക് വർദ്ധിപ്പിക്കണമെന്നും നിരന്തരം കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടു
2. ഇറക്കുമതി ചെയ്യുന്ന കാർഷികോൽപന്നങ്ങളുടെ ഗുണ മേന്മ നിഷ്കർഷിക്കുന്നതിനുളള നിബന്ധനകൾ കർശനമാക്കണമെന്നും കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്

## <u>കാട്ടുതീയുമായി ബന്ധപ്പെട്ട കേസ്സുകൾ</u>

380 ശ്രീ. കോവൂർ കുഞ്ഞിമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര തവണ, ഏതെല്ലാം ഭാഗത്ത് കാട്ടുതീ ഉണ്ടായിട്ടുണ്ടെന്നും ഇതിൻപ്രകാരം എന്ത് നഷ്ടം സംഭവിച്ചിട്ടുണ്ടെന്നും വെളിപ്പെടുത്തുമോ ;

(ബി) കാട്ടുതീവെയ്പ്പുമായി ബന്ധപ്പെട്ട് കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്രയെണ്ണം ; അവ എവിടെയൊക്കെയാണെന്ന് വിശദമാക്കുമോ ?

**<u>ഉത്തരം</u>**

**ശ്രീ. കെ. സുധാകരൻ (വനവും സ്പോർട്സും വകുപ്പുമന്ത്രി):**

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കോട്ടയം ഫീൽഡ് ഡയറക്ടറുടെ അധീനതയിൽപ്പെട്ട തേക്കടി ഡിവിഷനിൽ 17 സ്ഥലങ്ങളിൽ രൂക്ഷമായ കാട്ടുതീ ഉണ്ടായിട്ടുണ്ട്. ഇവ തേക്കടി വന്യജീവി ഡിവിഷനിൽപ്പെട്ട ബ്രാൻഡിപ്പാറ, കുരിശുമല, തൊണ്ടിയാർ, ഉപ്പുപാറ, സീതക്കുളം, സത്രം, വാമനകുളം, കുന്നാർ, കല്ലിടാംകുന്ന്, കുംപളംതോട്, ഓക്കൻതോട്, ഏഞ്ചൽവാലി എന്നീ സ്ഥലങ്ങളും ഇടുക്കി വന്യജീവി ഡിവിഷനിൽ ഭീമൻചുവട്, പ്ളാവിൻ ചുവട്, വെള്ളാഴി എന്നീ സ്ഥലങ്ങളും ഇരവികുളം ഡിവിഷനിൽ പാംപമല, ചിന്നത്തൂവൽ എന്നീ സ്ഥലങ്ങളുമാണ്. കൂടാതെ റാന്നി ഡിവിഷനിൽപ്പെട്ട കൊച്ചുപംപ, കക്കി, മൂഴിയാർ അച്ചുങ്കൽ, ചാലക്കയം, വെള്ളിമൺ, ചോരകക്കി, കാരിക്കയം എന്നീ സ്ഥലങ്ങളിലും കോന്നി, തെന്മല, അച്ചൻകോവിൽ, തിരുവനന്തപുരം എന്നീ ഡിവിഷനുകളിൽപ്പെട്ട റിസർവ്വ് വനങ്ങളിലെ ചില ഭാഗങ്ങളിലും പുനലൂർ ഡിവിഷനിലെ 1995 മരുതിമൂട്, തേക്ക് പ്ളാന്റേഷൻ (12 ഹെക്ടർ) കോട്ടയം ഡിവിഷനിലെ കാളകെട്ടി, കൊപ്പാറ, വണ്ടൻപതാൽ, കോരുത്തോട് എന്നീ സ്ഥലങ്ങളിലും കോതമംഗലം ഡിവിഷനിലെ ചൂരകെട്ടാൻമല, പാച്ചോറ്റി, ചാത്തുമറ്റം, കുടയുരുട്ടി, പാംപൻതൊട്ടി എന്നീ സ്ഥലങ്ങളിലും മൂന്നാർ ഡിവിഷനിലെ കത്തിപ്പാറ, കൈതയാൽ, ഇല്ലിതണ്ട്, വെള്ളനിരപ്പ് എന്നീ പ്രദേശങ്ങളിലും തൃശൂർ സർക്കിളിലെ മലയാറ്റൂർ, ചാലക്കുടി, വാഴച്ചാൽ, തൃശൂർ ഡിവിഷനുകളിൽപ്പെട്ട റിസർവ്വ് വനങ്ങളിലെ ചില ഭാഗങ്ങളിലും ഒലവക്കോട് സർക്കിളിൽപ്പെട്ട പാലക്കാട്, നെന്മാറ, മണ്ണാർകാട്, നിലമ്പൂർ നോർത്ത്, നിലമ്പൂർ സൗത്ത് ഡിവിഷനുകളിൽപ്പെട്ട റിസർവ്വിലെ ചില ഭാഗങ്ങളിലും പ്രായം ചെന്ന ചില തേക്ക് തോട്ടങ്ങളിലും നോർത്തേൺ സർക്കിളിൽപ്പെട്ട കോഴിക്കോട്, കണ്ണൂർ, വയനാട് നോർത്ത്, വയനാട് സൗത്ത് ഡിവിഷനുകളിലെ റിസർവ്വിലെ ഏതാനും ചില വനഭാഗങ്ങളിലും പാലക്കാട് വന്യജീവി സർക്കിളിൽപ്പെട്ട പീച്ചി, വയനാട് ഡിവിഷനുകളിൽപ്പെട്ട ചില വനപ്രദേശങ്ങളിലും എ.ബി.പി. സർക്കിളിൽപ്പെട്ട തിരുവനന്തപുരം ശെന്തരുണി, അഗസ്ത്യവനം, ബയോളജിക്കൽ പാർക്ക് എന്നീ ഡിവിഷനുകളിൽപ്പെട്ട റിസർവ്വ് വനങ്ങലിലെ ചില ഭാഗങ്ങളിലും കാട്ടുതീ ഉണ്ടായിട്ടുണ്ട്. ഇതിൻപ്രകാരം ഓരോ സർക്കിളിലേയും കണക്കാക്കിയിട്ടുള്ള നഷ്ടം ചുവടെ ചേർക്കുന്നു.

| | രൂപ |
|---|---|
| പാലക്കാട് വൈൽഡ് ലൈഫ് സർക്കിൾ | 12700 |
| ഒലവക്കോട് സർക്കിൾ | 167500 |
| കൊല്ലം സർക്കിൾ | 57400 |
| തൃശൂർ സർക്കിൾ | 22360 |
| നോർത്തേൺ സർക്കിൾ | 45900 |
| ഹൈ റെയിഞ്ച് സർക്കിൾ | 39300 |
| അഗസ്ത്യവനം ബയോളജിക്കൽ പാർക്ക് തിരുവനന്തപുരം | 2500 |
| ആകെ രൂപ | 347660 |

(ബി) കാട്ടുതീ വെയ്പ്പുമായി ബന്ധപ്പെട്ട് നോർത്തേൺ സർക്കിൾ കണ്ണൂരിന്റെ കീഴിൽ 14 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.